In undelivered please return to

**AMALA VOICE**

Amalagiri Catholic Bishop's House
Punnamoodu, Mavelikara - 690 101
Alleppey Dist., Kerala, India.

Printed by Editor, **AMALA VOICE**, Mavelikara

Printed at Mar Ivanios Offset, Erezha, Mavelikara - 690 106

# അമല വോയ്സ്

## മാവേലിക്കര ഭദ്രാസന ബുള്ളറ്റിൻ

Vol. 20 August 2026 No. 08




# വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ



അഭിവന്ദ്യ പിതാവ് പരിശുദ്ധ പിതാവിനോടൊപ്പം (റോം, 15 ജൂൺ 2026)







പുതിയ ബ്ലോക്ക് ഉദ്ഘാടനം, മാർ ഈവാനിയോസ് ലോ കോളേജ്
പുലിയൂർ (13 ജൂലൈ 2026)





Awake Praise Party, ശൂരനാട് (30 ജൂലൈ 2026)

## ഇടയ സന്ദർശനം





പുന്തല (02 ആഗസ്റ്റ് 2026)





ചെറുതന (12 ജൂലൈ 2026)







കോമല്ലൂർ (26 ജൂലൈ 2026)

# ADDRESS OF POPE LEO XIV TO PILGRIMS OF THE SYRO-MALANKARA CHURCH IN EUROPE

**Clementine Hall**
**Monday, 15 June 2026**

In the name of the Father, and of the Son, and of the Holy Spirit.

Peace be with you!

Your Beatitude, Your Excellencies,
Dear priests, consecrated men and women,
Dear brothers and sisters,

I am pleased to welcome this significant delegation of the Syro-Malankara Church as part of the first convention of your clergy and faithful residing in Europe. Your Major Archbishop, Cardinal Baselios Mar Cleemis, today turns 67 years old. Happy birthday, Your Beatitude! I also extend my prayerful congratulations in anticipation of Your Beatitude's Episcopal Silver Jubilee in August, for which the festivities have already begun with a special celebration here in Rome yesterday. Particular greetings as well to Bishop Kuriakose Mar Osthathios, the recently appointed Apostolic Visitator to the Syro-Malankara faithful residing in Europe, who has organized this convention.

Dear brothers and sisters, I understand that your entire sui iuris Church is embarking on an intense multi-year journey of

spiritual renewal in preparation for its centenary. As we have just entered the 95th year since the establishment of your Hierarchy by the Apostolic Constitution Christo Pastorum Principi of Pope Pius XI on 11 June 1932, I wish to recall that text of my illustrious predecessor, which opens with gratitude to Christ, the Chief of Pastors. We too "render the most humble and fervent thanks" to God for Venerable Mar Ivanios, who together with Mar Theophilos, guided several priests and a good number of faithful, including men and women religious from the Bethany Congregations to rediscover ecclesial communion with the Successor of the Apostle Peter as a vital part of living the Christian faith. The first Syro-Malankara Metropolitan Archbishop of Trivandrum was indeed a true Shepherd after the Heart of Jesus through whom the Holy Spirit guided God's flock. He beautifully exemplified that "great desire for a united Church, a sign of unity and communion, which becomes a leaven for a reconciled world" (Homily, 18 May 2025) of which I spoke at the Solemn Mass for the Inauguration of my Pontificate.

Even as a young priest, Mar Ivanios looked far beyond the borders of his Christian community in Kerala and saw clearly the need to recover the dynamism of the good seed planted in India by the preaching and the martyrdom of Saint Thomas the Apostle. He also insisted that missionary work not be performed with words alone, but rather through a virtuous life and genuine charitable service. For this reason, ever since its inception, your Church has always been a beacon of evangelical energy and apostolic charity, bringing social justice, education and integral human development to those on the margins of society. In this way, the Gospel spreads, just as my venerable predecessor Pope Benedict XVI said, "by 'attraction': just as Christ 'draws all to himself' by the power of his love, culminating in the sacrifice of

the Cross" (Homily for the opening of the Aparecida Conference, 13 May 2007).

The Syro-Malankara Church thus quickly began to grow beyond ethnic or linguistic limits, initially in Tamil Nadu, fruit of an evangelization effort that dates back to 1934. Those vibrant Syro-Malankara Catholic communities have flourished due to the commitment of the Hierarchy and also the commitment of the dedicated consecrated women belonging to the Congregation of the Daughters of Mary. I encourage the Synod of Bishops and the Religious Institutes of your Church to show similar commitment to the more recently created circumscriptions in India, especially the vast Eparchies of Saint Ephrem of Khadki and Saint John Chrysostom of Gurgaon. We have a future candidate coming forward here.

At the same time, an equally urgent commitment is required to the preservation and promotion of the inestimable treasures incarnated by all the Eastern Churches especially in the growing diaspora, as I had occasion to say during your Jubilee, which fell just a few days after my papal election (cf. Address, 14 May 2025). In this vein, recognising the presence of numerous Syro-Malankara faithful in North America, Pope Benedict XVI erected an Apostolic Exarchate for the Syro-Malankara faithful in the United States. Ten years ago, raising the Exarchate to the rank of Eparchy, my venerable predecessor Pope Francis extended the care of the Eparchial Bishop to all the Syro-Malankara faithful in Canada as well.

With analogous intentions, I, already in the first year of my pontificate, appointed the first full-time Apostolic Visitator for the Syro-Malankara Catholics throughout Europe, His Excellency Mar Osthathios. His responsibility is to survey the current

state of pastoral care with a view to making proposals to the local Bishops and to the Holy See for the spiritual good of the faithful. In this regard, I have asked the Dicastery for the Eastern Churches to help me "define principles, norms, and guidelines whereby Latin Bishops can concretely support Eastern Catholics in the diaspora in their efforts to preserve their living traditions and thus, by their distinctive witness, to enrich the communities in which they live" (Ibid.). The same Curial Institution will help me to evaluate the best ways to establish firm and enduring foundations so that future generations of Syro-Malankara faithful will continue to deepen their friendship with the Lord Jesus through engagement with their unique traditions, thus benefiting the Catholic Church as a whole.

Dear brothers and sisters, I ask all of you to promote greater awareness about the precious identity of the Syro-Malankara Church and your own identification with it, by participating in its ecclesial life and experiencing your unique heritage, aware of your great dignity, while remaining united to the Major Archbishop and Synod of Bishops. Knowing that the Saint Thomas Christians of India have a well-deserved reputation for devout families from which arise many vocations to the priesthood and religious life, I pray that strong faith may continue to thrive in your homes and your hearts, particularly in those of the young.

Invoking abundant graces from Almighty God upon all those who join in celebrating this joyful occasion with you, so that you may follow Christ ever more closely every day, becoming messengers of hope to all, I gladly impart the Apostolic Blessing. May the Blessed Virgin Mary Queen of Peace, Saint Thomas the Apostle and all your Holy Patrons, especially the Venerable Mar Ivanios, intercede for you! Thank you very much.

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

# വിശ്വാസപരിശീലന ദിനം - 2026

ബഹു. വൈദികരേ, സന്യസ്തരേ, അധ്യാപകരേ, മാതാപിതാക്കളേ, പ്രിയ മക്കളേ,

ഏവർക്കും ത്രിയേക ദൈവനാമത്തിൽ വന്ദനം!

ആരാധനക്രമവത്സരത്തിന് പ്രാധാന്യം നൽകി, പുനരൈക്യശതാബ്ദിക്കായി സഭ ഒരുങ്ങുന്ന ഈ വേളയിൽ, ആരാധനക്രമത്തിന്റെ അവിഭാജ്യഘടകമായ മതബോധന ശുശ്രൂഷയുടെ പ്രാധാന്യം അത്യഭിവന്ദ്യ ബാവാതിരുമനസ്സിന്റെയും പരിശുദ്ധ സുന്നഹദോസിന്റെയും ശ്ലൈഹീകാശിസുകളോടൊപ്പം, നമ്മുടെ വൈദികരെയും സന്യസ്തരെയും മതാദ്ധ്യാപകരെയും മാതാപിതാക്കളെയും കുഞ്ഞുമക്കളെയും ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

നമ്മുടെ കർത്താവിന്റെ സജീവവും ശാശ്വതവുമായ സന്ദേശം ഉൾക്കൊണ്ടാണ് സഭ ഈ പ്രേഷിത ശുശ്രൂഷ നിർവഹിക്കുന്നത്. “നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ” (മത്താ 28:19-20). ദൈവം മനുഷ്യന് നൽകിയ കഴിവുകളും നന്മകളും പ്രയോജനപ്പെടുത്തി ദൈവത്തെ കണ്ടെത്തുവാനും, അവിടത്തെ അറിയുകയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും, ക്രിസ്തുവിന്റെ ശിഷ്യരായി രൂപാന്തരപ്പെടുകയും ചെയ്യാൻ മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നു. യുക്തിയും വിശ്വാസവും പരസ്പരപൂരകങ്ങളാണ്. വിശ്വാസമില്ലാത്ത യുക്തി അഹങ്കാരത്തിലേക്കും ജീവിതത്തിന്റെ സമഗ്രത നഷ്ടപ്പെടുത്തുന്നതിലേക്കും നയിക്കുമ്പോൾ, യുക്തിയില്ലാത്ത വിശ്വാസം അന്ധതയ്ക്കും വഴിതെറ്റലിനും കാരണമാകുന്നു. അതിനാൽ യുക്തിസഹമായ മതബോധനം അനിവാര്യമാണ്.

മതബോധനം അറിവ് സമ്പാദിക്കുന്നതിൽ മാത്രം ഒതുങ്ങുന്നതല്ല. യേശുവിനുവേണ്ടി നിലകൊള്ളാനും, അവിടുത്തെ സഭയെ

സ്നേഹിക്കാനും, ജീവിതസാഹചര്യങ്ങളിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കാനും, ധാർമ്മികമായ തീരുമാനങ്ങൾ സ്വീകരിച്ച് അവ അനുസരിച്ച് ജീവിക്കാനും വിശ്വാസികളെ പ്രാപ്തരാക്കുന്നതാണ്. ചുരുക്കത്തിൽ, ദൈവാലയത്തിലെ ആരാധന ലോകത്തിൽ ധാർമ്മികമായി ജീവിക്കാൻ വിശ്വാസികളെ പ്രാപ്തരാക്കുന്നതായിരിക്കണം. ആരാധനയിലൂടെ ലഭിക്കുന്ന കൃപ സ്വീകരിച്ച് ആത്മീയമായി വളർന്ന്, നല്ല ക്രിസ്തു ശിഷ്യരായി സഭയെയും സമൂഹത്തെയും സമ്പന്നമാക്കാൻ ഏവർക്കും സാധിക്കണം.

## I. ദൈവികവെളിപാടുകൾ: സഭയുടെ മതബോധന ദൗത്യത്തിന്റെ അടിസ്ഥാനം

നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം ദൈവിക വെളിപാടാണ്. കാലത്തിന്റെ പൂർണതയിൽ യേശുക്രിസ്തുവിലൂടെ ദൈവപിതാവ് നൽകിയ വെളിപാടും, സഭയിലൂടെ പരിശുദ്ധാത്മാവ് തുടരുന്ന സത്യബോധനവുമാണ് അതിന്റെ ഉള്ളടക്കം. ദൈവത്തെയും മനുഷ്യനെയും രക്ഷയെയും സംബന്ധിച്ച ഈ വെളിപാടിന്റെ ആധികാരിക സാക്ഷ്യങ്ങൾ വിശുദ്ധ ബൈബിളിലും സഭാപിതാക്കന്മാരുടെ ബോധനങ്ങളിലും സഭയുടെ ഔദ്യോഗിക പഠിപ്പിക്കലുകളിലും സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഈ വിശ്വാസ സത്യങ്ങൾ പ്രായത്തിനും വളർച്ചയ്ക്കും അനുസൃതമായി ദൈവമക്കളിൽ പകർന്നുനൽകി അവരുടെ വിശ്വാസ രൂപീകരണത്തിന് ആരാധനാ ജീവിതത്തോടൊപ്പം അടിത്തറ പാകുന്ന സഭയുടെ പ്രധാന ശുശ്രൂഷയാണ് മതബോധനപരിശീലനം.

ദൈവത്തിന്റെ രക്ഷാ വെളിപാടിന്റെ പ്രചോദിതവും ആധികാരികവുമായ സാക്ഷ്യമാണ് വിശുദ്ധ ബൈബിൾ. "പൂർവകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാന നാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്ന് നമ്മോടു സംസാരിച്ചിരിക്കുന്നു" (ഹെബ്രാ. 1:1 2). ഈ വെളിപാടിന്റെ സമഗ്രത വിശുദ്ധ വചനത്തിലും സഭയുടെ പഠിപ്പിക്കലുകളിലും നമുക്ക് ലഭ്യമാണ്. നമ്മുടെ മതബോധന പാഠപുസ്തകങ്ങൾ ബൈബിൾ, ആരാധന, കൂദാശകൾ, കൂദാശാനുകരണങ്ങൾ, സഭയുടെ വിശ്വാസ ബോധനം, സഭാചരിത്രം, ധാർമ്മിക ജീവിതം എന്നിവ ക്രമബദ്ധമായി അവതരിപ്പിക്കുന്നു. ഈ സമഗ്രമായ മതബോധന ശുശ്രൂഷയിൽ വൈദികരും സന്യസ്തരും അധ്യാപകരും മാതാപിതാക്കളും വ്യക്തമായ അറിവോടും പ്രതിബദ്ധതയോടും പ്രവർത്തിക്കണം.

വഴിയും സത്യവും ജീവനുമായ യേശു ക്രിസ്തുവിനെ അറിയു

കയും സാക്ഷ്യപ്പെടുത്തുകയും ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക യാണ് മതബോധനത്തിന്റെ ലക്ഷ്യം. ദൈവനിഷേധം, അന്ധവിശ്വാസം, ധാർമ്മിക മൂല്യങ്ങളുടെ ശോഷണം, ഭൗതികവാദം തുടങ്ങിയ വെല്ലു വിളികൾക്കിടയിൽ പുതു തലമുറയ്ക്ക് സ്വീകാര്യവും ഫലപ്രദവുമായ മാർഗങ്ങളിലൂടെ വിശ്വാസ സത്യങ്ങൾ പകർന്നു നൽകണം. ഇതിനാ യി ആധുനിക സാങ്കേതിക വിദ്യകളുടെയും പഠന രീതികളുടെയും സാധ്യതകൾ വിവേകപൂർവം പ്രയോജനപ്പെടുത്തുകയും ഭദ്രാസന മതബോധന കാര്യാലയങ്ങൾ സജീവ നേതൃത്വം നൽകുകയും വേണം.

വിശ്വാസത്തിന്റെ അടിസ്ഥാന സത്യങ്ങൾ കുട്ടികളുടെ ഹൃദയ ത്തിൽ ഉറച്ചു നിൽക്കാൻ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. നമ്മുടെ സഭ യുടെ വിശ്വാസത്തെക്കുറിച്ചുള്ള ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നൽകാൻ അവർ പ്രാപ്തരാകണം. അതിനായി മതബോധനത്തിന്റെ പ്രഥമ വിദ്യാലയവുമായ ഭവനങ്ങളിൽ വിശുദ്ധ ഗ്രന്ഥത്തിന്റെ നിത്യ വായനയും വചന പഠനവും മന:പാഠവും കുടുംബ പ്രാർത്ഥനയും പ്രോത്സാഹിപ്പിക്കണം. എല്ലാദിവസവും കുടുംബ പ്രാർത്ഥനയ്ക്കു മുമ്പ് വചനം വായിക്കുകയും അതിന്റെ സന്ദേശം കുടുംബാംഗങ്ങൾ ചുരു ക്കമായി പങ്കുവെക്കുകയും വേണം. വിശ്വാസപരിശീലന പാഠങ്ങൾ അതിനെ പരിപോഷിപ്പിക്കുന്ന ശുശ്രൂഷയാണ്. സഭാസ്നേഹത്തിലും വിശ്വാസ ബോധത്തിലും തലമുറകളെ വളർത്തിയെടുക്കാൻ ഈ ദൗത്യം എല്ലാവരും കരുതലോടെ നിർവഹിക്കണം.

## II. നിർമ്മിത ബുദ്ധിയുടെ (AI) യുഗത്തിലെ വിശ്വാസ പരിശീല നത്തിന്റെ പ്രസക്തി

നാം ഇന്ന് അതിവേഗ സാങ്കേതിക വളർച്ചയുടെ കാലഘട്ടത്തി ലാണ് ജീവിക്കുന്നത്. നിർമമ്മിത ബുദ്ധി (AI) ദൈനം ദിന ജീവിത ത്തിന്റെ ഭാഗമായി വിദ്യാഭ്യാസം, ആരോഗ്യം, ആശയവിനിമയം, സാ മ്പത്തികം, മതജീവിതം തുടങ്ങി എല്ലാ മേഖലകളിലും മനുഷ്യന്റെ ചിന്തയെയും പഠനത്തെയും തീരുമാനങ്ങളെയും പരസ്പര ബന്ധ ങ്ങളെയും ഗണ്യമായി സ്വാധീനിച്ചു കൊണ്ടിരിക്കുന്നു. ഈ സാഹച ര്യത്തിൽ സഭയുടെ മുന്നിലുള്ള പ്രധാന ചോദ്യം ഇതാണ്:

AI യുടെ യുഗത്തിൽ വിശ്വാസ പരിശീലനം എങ്ങനെ പ്രസക്തമായി തുടരും?

- വിശ്വാസ പരിശീലനം: മനുഷ്യ മഹത്വത്തെ സംരക്ഷിക്കുന്നു

AI യെക്കുറിച്ചുള്ള പഠിപ്പിക്കലുകളിൽ ലെയോ പതിനാലാമൻ മാ ർപ്പാപ്പ പ്രത്യേകം ഊന്നിപ്പറയുന്നത് മനുഷ്യ വ്യക്തിയുടെ മഹത്വ

മാണ്. യന്ത്രങ്ങൾക്ക് മനുഷ്യ ബുദ്ധിയെ അനുകരിക്കാനാകുമെങ്കിലും മനസ്സാക്ഷിയോ കരുണയോ ധാർമ്മിക ഉത്തരവാദിത്തമോ ഇല്ല. ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണ് മനുഷ്യൻ (ഉൽപ. 1:27). വിശ്വാസ പരിശീലനം മനുഷ്യന്റെ ഈ ദൈവിക മഹത്വത്തെക്കുറിച്ചുള്ള ബോധം വളർത്തുകയും, യഥാർഥ മൂല്യം നേട്ടങ്ങളിലോ കാര്യക്ഷമതയിലോ അല്ല, ദൈവത്തിന്റെ സ്നേഹത്തിലാണ് എന്ന് ബോധ്യപ്പെടുത്തുന്നു.

- സത്യാന്വേഷണത്തിലേക്ക് നയിക്കുന്നു

വേഗത്തിൽ ഉത്തരങ്ങൾ ലഭിക്കുന്ന ലോകത്താണ് ഇന്നത്തെ കുട്ടികളും യുവാക്കളും വളരുന്നത്. എന്നാൽ ഞാൻ ആരാണ്? എന്റെ ജീവിത ലക്ഷ്യം എന്താണ്? സത്യം എന്താണ്? സൃഷ്ടാവ് എന്നിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നത്? മരണശേഷം എന്ത് സംഭവിക്കുന്നു? തുടങ്ങിയ അടിസ്ഥാന ചോദ്യങ്ങൾക്ക് സാങ്കേതിക വിദ്യ മതിയായ ഉത്തരമല്ല. വിശ്വാസ പരിശീലനം യുവതലമുറയെ വേഗത്തിലുള്ള ഉത്തരങ്ങൾക്കപ്പുറം ആഴത്തിലുള്ള സത്യാന്വേഷണത്തിലേക്കും വിവേകപൂർണമായ ചിന്തയിലേക്കും നയിക്കണം.

- അറിവിൽ നിന്നു വിശുദ്ധിയിലേക്കുള്ള പ്രയാണം

വിശ്വാസ പരിശീലനത്തിന്റെ ലക്ഷ്യം അറിവുള്ള ക്രൈസ്തവരെ മാത്രമല്ല, വിശുദ്ധരായ ശിഷ്യരെ രൂപപ്പെടുത്തുക എന്നതാണ്. AI ജീവിതത്തെ എളുപ്പമാക്കുന്നുവെങ്കിലും, അത് നിത്യരക്ഷയ്ക്ക് പകരമാകില്ല. വിശുദ്ധ ജീവിതത്തിന് പ്രാർത്ഥന, ത്യാഗം, കൃപ, മാനസാന്തരം, സ്നേഹം എന്നിവ അനിവാര്യമാണ്. വിശുദ്ധ അഗസ്റ്റിൻ പറഞ്ഞതുപോലെ, അങ്ങയിൽ വിശ്രമിക്കുന്നതുവരെ നമ്മുടെ ഹൃദയം അസ്വസ്ഥമായിരിക്കും. മനുഷ്യ ഹൃദയത്തിന്റെ ഈ ദാഹം സാങ്കേതിക വിദ്യയ്ക്ക് ശമിപ്പിക്കാനാവില്ല. അതിനാൽ സഭ AIയെ ഭയത്തോടെ അല്ല, ജ്ഞാനത്തോടും ധൈര്യത്തോടും നേരിടാൻ ആഹ്വാനം ചെയ്യുന്നു. വിശ്വാസ പരിശീലനം വചനാധിഷ്ഠിതമായി, ധാർമ്മിക ബോധവും ആത്മീയ പക്വതയും വളർത്തുകയും സാങ്കേതിക വിദ്യയെ വിവേക പൂർവം വിലയിരുത്താൻ സഹായിക്കുകയും വേണം. AI മനുഷ്യനെ മാറ്റി സ്ഥാപിക്കാനാവില്ല; ആത്മാവിനെയും കൃപയെയും പകരം വയ്ക്കാനും കഴിയില്ല. അങ്ങനെ ക്രിസ്തുവിൽ വേരൂന്നിയ ഒരു ശിഷ്യ സമൂഹത്തെ രൂപപ്പെടുത്താൻ ഉതകുന്നതാകണം സാങ്കേതിക വിദ്യകളുടെ ഉപയോഗം, AI ലോകത്തെ മാറ്റിക്കൊണ്ടിരിക്കുമ്പോഴും യന്ത്രങ്ങൾക്ക് മനുഷ്യാത്മാവിനെയും മനസ്സാക്ഷിയെയും ദൈവകൃപയെയും പകരം വയ്ക്കാനാവില്ല. അതിനാൽ ഈ AI

യുഗത്തിൽ വിശ്വാസ പരിശീലനത്തിന്റെ പ്രസക്തി കുറയുന്നില്ല; മറിച്ച് കൂടുതൽ അനിവാര്യവുമാകുന്നു. സഭയുടെ ദൗത്യം ഇന്നും എന്നും സത്യം തിരിച്ചറിയുകയും സ്നേഹത്തിൽ ജീവിക്കുകയും വിശ്വാസത്തിൽ നിലനിൽക്കുകയും ദൈവത്തോടൊപ്പം വിനയത്തോടെ നടക്കുകയും ചെയ്യുന്ന മനുഷ്യരെ രൂപപ്പെടുത്തുക എന്നുള്ളതാണ്.

വാത്സല്യമുള്ളവരെ, കർത്താവിനെ സ്വീകരിക്കുകയും നൽകുകയും ചെയ്യുന്ന ഈ മഹത്തായ ശുശ്രൂഷ നാം ആത്മാർത്ഥതയോടെ നിർവഹിക്കണം. നമ്മുടെ പരിമിതികളെക്കാൾ കുഞ്ഞുങ്ങളിൽ രൂപപ്പെടേണ്ട മൂല്യങ്ങളെയും യേശു സ്നേഹത്തെയും സഭാ സ്നേഹത്തെയും കുറിച്ചുള്ള ബോധ്യങ്ങളെയാണ് നാം മുൻ നിർത്തേണ്ടത്. വിശുദ്ധ പൗലോസ് ശ്ലീഹായെപ്പോലെ ഈറ്റുനോവോടെ നമ്മുടെ കുഞ്ഞുങ്ങളെ രൂപപ്പെടുത്തുന്നവരാകുവാൻ നമുക്കു വിളിയുണ്ട്. പരിശുദ്ധ അമ്മയോടൊപ്പം "ഇതാ ഞാൻ" എന്ന് സമർപ്പിച്ച് ഈ ദൗത്യം സ്വീകരിക്കാം. എല്ലാവർക്കും നന്ദിയും പ്രാർത്ഥനയും അറിയിക്കുന്നു
.

ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ.



**✠ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
തിരുവല്ല അതിഭദ്രാസനാദ്ധ്യക്ഷൻ.

14.07.2026
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

N.B. ഈ സർക്കുലർ വിശ്വാസ പരിശീലന ദിനമായ 2026 ആഗസ്റ്റ് 2-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കുകയോ സാധ്യമായ രീതിയിൽ നമ്മുടെ വിശ്വാസികളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

# 2026 ആഗസ്റ്റ് 17
# കർഷകദിനം
## കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ
## പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, സഹോദരീ-സഹോദരന്മാരേ,

ചിങ്ങം ഒന്ന്, കർഷക ദിനം. ദൈവത്തിൽ പ്രത്യാശയർപ്പിച്ച് നിരന്തരം അധ്വാനിച്ച് കൃഷിയിറക്കാനും പ്രതീക്ഷയോടെ കാത്തിരിക്കാനുമുള്ള ദൈവീക സ്വരം അനുസരിച്ച് ജീവിതം സമർപ്പിച്ച കർഷകരെ ഓർമ്മിക്കാനുള്ള ദിനമാണ്. കർഷകരുടെ ജീവിതമെന്നത് അതിജീവനത്തിന്റെ വിജയഗാഥയാണ്. "രാവിലെ വിത്തുവിതയ്ക്കുക, വൈകുന്നേരവും കൈപിൻവലിക്കരുത്, കാരണം, ഏതാണ് സഫലമാകുക, ഇതോ, അതോ, അഥവാ രണ്ടുമോ എന്ന് നീ അറിയുന്നില്ലല്ലോ' എന്ന സഭാപ്രസംഗകന്റെ പ്രത്യാശയുടെ സന്ദേശം സ്വീകരിച്ച് കൃഷിയെ ഒരു ദൈവവിളിയായിക്കണ്ട് ജീവിതം മാറ്റിവച്ച കർഷക സമൂഹത്തെ ഒപ്പം ചേർ ത്തുപിടിക്കുന്നതിനുവേണ്ടി കെ.സി.ബി.സി.യുടെ ആഭിമുഖ്യത്തിൽ രൂപീകൃതമായ കർഷകസംഘടന യാണ് ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെന്റ് അഥവാ ഇൻഫാം. സുസ്ഥിരവും സുരക്ഷിതവും സുസംഘടിത വുമായ ഒരു കർഷക സമൂഹത്തെ രൂപപ്പെടുത്തുക എന്ന ദർശനത്തോടെ ജാതി മത വർഗ വർണ കക്ഷി രാഷ്ട്രീയ ഭേദമന്യേ എല്ലാവരെയും ഇൻഫാം ചേർത്തുപിടിക്കുന്നു. പരിസ്ഥിതിയെ പരിപാലിക്കുക, സമൂഹത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദിച്ചുകൊണ്ട് ക്ഷേമരാഷ്ട്ര നിർമിതിയിൽ പങ്കാളിക ളാവുക, കൃഷി ഉത്പ്പന്നങ്ങൾ സംഭരിക്കുകയും സംസ്കരിക്കുകയും മൂല്യവർധിതമാക്കുകയും ചെയ്തുകൊണ്ട് രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുക, കാർഷിക വിഭവങ്ങൾ വിപണനനം നടത്തി ന്യായമായ വില കർഷകർക്ക് ലഭ്യമാക്കുക, കർഷകരുടെയും കൃഷിയുടെയും നിലനിൽപ്പിനും വളർച്ചയ്ക്കും വിഘാതമായി വരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക തുടങ്ങിയവയെല്ലാ മാണ് ഈ കർഷക സംഘടനയുടെ ലക്ഷ്യം.

### സംഘടനാ വ്യാപനവും ശാക്തീകരണവും

ഇൻഫാം ഒരു ദേശീയ സംഘടനയാണെന്നതിൽ നമുക്ക് അഭിമാനിക്കാം. കേരളത്തിലെ വിവിധ രൂപതകളിലും കേരളത്തിന് പുറ

ത്ത് 11 സംസ്ഥാനങ്ങളിലും പ്രവർത്തനം വ്യാപിപ്പിച്ചുകൊണ്ട് ചെറുകിട കർഷകരെ സഹായിക്കുന്നതിൽ ഇൻഫാം പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ദേശീയ തലം മുതൽ കുടുംബതലം വരെ വിവിധ മേഖലകളിൽ കർഷകരുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സംഘടന, ഇതിനായി വിവിധ കർമപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

**മണ്ണ് സംരക്ഷണവും പരിസ്ഥിതി പരിപാലനവും**

രാസവള – കീടനാശിനി ഉപയോഗത്തിലൂടെ മൃതപ്രായമായ മണ്ണിനെ വീണ്ടെടുക്കുന്നതിനും പുനർജനി പ്പിക്കുന്നതിനുംവേണ്ടി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് 'ഭൂമി പുനർജനി' പദ്ധതി. 'ധരണീ സമൃദ്ധി' പദ്ധതി, മണ്ണിന്റെ ഫലഭൂയിഷ്ടത വർധിപ്പിക്കുന്നതിന് ജൈവ വളങ്ങൾ, ജീവാണു വളങ്ങൾ തുടങ്ങിയവ നിർമിക്കുവാനും ഉപയോഗിക്കുവാനും കർഷകരെ പരിശീലിപ്പിച്ച് പ്രാപ്തരാക്കുന്ന പദ്ധതിയാണ്. 'വൃക്ഷോത്സവ്' എന്ന പദ്ധതിയിലൂടെ കേരളത്തിൽ ഇതിനോടകം അഞ്ചുലക്ഷത്തിൽപരം തൈകൾ വി തരണം ചെയ്യുകയും നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ കർഷകർ പരിസ്ഥിതിയെ സംരക്ഷിക്കുന്നവരാണ്, നശിപ്പിക്കുന്നവരല്ല എന്ന് പ്രഖ്യാപിക്കുകയാണ് സംഘടന.

**'പച്ചപ്പൊലിമ' പദ്ധതി**

'സുഭിക്ഷ ഭാരതത്തിന് സുരക്ഷിത ഭക്ഷണമൊരുക്കുക' എന്ന ലക്ഷ്യവുമായി അഞ്ചു വർഷം നീണ്ടു നിൽക്കുന്ന 'പച്ചപ്പൊലിമ' എന്ന പദ്ധതി കർഷക കുടുംബങ്ങളിലൂടെ നടപ്പിൽ വരുത്തുന്നു. തെങ്ങ് കൃഷി പ്രോത്സാഹിപ്പിച്ച് കർഷകർക്ക് സ്ഥിര വരുമാനം ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരഗ്രാമങ്ങൾ രൂപീകരിക്കുക, ചെറുധാന്യങ്ങളുടെ കൃഷിയോടൊപ്പം ഭക്ഷ്യധാന്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക, പശുവളർത്തൽ പ്രോത്സാഹിപ്പിച്ച് അവർക്ക് സ്ഥിര വരുമാനം ഉണ്ടാക്കുക. ഫലവൃക്ഷ കൃഷിയിലൂടെ ക ർഷക കുടുംബങ്ങളുടെ വരുമാനം വർധിപ്പിക്കുക, തേനീച്ചകൃഷി പ്രോത്സാഹിപ്പിക്കുക, വിഷരഹിത പച്ചക്കറി ഉൽപ്പാദനത്തിനായി അടുക്കളത്തോട്ടങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുക തുടങ്ങിയവയൊക്കെയാണ് പച്ചപ്പൊലിമയിലൂടെ ലക്ഷ്യമിടുന്നത്.

**വിളസംസ്കരണവും മൂല്യവർധിത ഉൽപ്പന്ന നിർമാണ പദ്ധതിയും**

കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുകയും, അവയെ സംസ്കരിച്ച് മൂല്യവർധിത ഉൽപ്പന്നമാക്കുകയും ചെയ്യുന്ന പ്രക്രിയയും ഇൻ

ഫാം ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു. കാർഷിക വിളകളുടെ സംസ്കരണത്തിനും മൂല്യവർധനവിനുമുള്ള നടപടികൾ വിവിധ സംസ്ഥാനങ്ങളിലെ കാർഷിക ജില്ലകളുടെ നേതൃത്വത്തിൽ, സാമൂഹ്യ സന്നദ്ധ സംഘടനകൾ വഴിയും സമാന സ്വഭാവമുള്ള സ്ഥാപനങ്ങൾ വഴിയുമാണ് ഇൻഫാം നടപ്പിലാക്കുന്നത്.

### കാർഷിക വിഭവങ്ങളുടെ വിപണന സംവിധാനം

കർഷകരുടെ സംസ്കൃതവും മൂല്യവർധിതവുമായ ഉൽപ്പന്നങ്ങളുടെ വിപണനത്തിനുവേണ്ടി ഇൻഫാം മാളുകൾ ആരംഭിക്കുന്നതിനും കാർഷിക വിഭവങ്ങളുടെ സംഭരണത്തിനും അവയുടെ അസംസ്കൃത രീതിയിലുള്ള വിപണനത്തിനും അതോടൊപ്പം കൃഷിക്ക് ആവശ്യമായ വളങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്കായി ഇൻഫാം അഗ്രിമാർട്ടുകൾ ആരംഭിക്കുന്നതിനും ഇൻഫാം പദ്ധതിയിടുന്നു. കാർഷികോൽപ്പന്നങ്ങളുടെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും വിപണനത്തിനും വിതരണത്തിനുമായി സംസ്ഥാനം തലത്തിലും അന്തർസംസ്ഥാന തലത്തിലും നിലവിലുള്ള വ്യാപാര വിപണന ശൃംഖലകൾ ഉപയോഗപ്പെടുത്തുന്ന ഇൻഫാമിന്റെ പുതിയ പദ്ധതിയാണ് 'കിസാൻ ദോസ്ത് നെറ്റ്‌വർക്ക്'. കാർഷിക വിളകളുടെ വിപണനത്തിനുവേണ്ടി മറ്റ് ഓൺലൈൻ സംവിധാനങ്ങളും ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

### വിളഭൂമിയുടെ സംരക്ഷണവും ജീവന്റെ സുരക്ഷിതത്വവും

കർഷകരുടെയും കൃഷിയുടെയും നിലനിൽപ്പിനും വളർച്ചയ്ക്കും വിഘാതമായി നിൽക്കുന്ന, കർഷകന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന വന്യമൃഗശല്യം, പൊതുസമൂഹത്തിന്റെയും അധികാരികളുടെയും ശ്രദ്ധയിൽ കൊണ്ടുവരാനും പരിഹാരമാർഗങ്ങൾ കണ്ടെത്താനും ഇൻഫാം നടത്തിയ ചുവടുവയ്പ്പുകൾ വളരെ ശ്രദ്ധേയമാണ്. ബഫർസോൺ, പരിസ്ഥിതിലോല മേഖല, പരിസ്ഥിതി ദുർബല പ്രദേശം, വനസംരക്ഷണം തുടങ്ങിയ നിർദേശങ്ങളിലൂടെ വനവിസ്തൃതി വർധിപ്പിക്കുക എന്ന ഗൂഢലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന തൽപ്പരകക്ഷികളെ പൊതുസമൂഹത്തിനു മുൻപിൽ തുറന്നുകാട്ടാനും, വന്യജീവിസങ്കേതങ്ങൾക്കും പരിസ്ഥിതി ദുർബല പ്രദേശങ്ങൾക്കും ഒരു മറുപുറമുണ്ടെന്നും അവിടം ലക്ഷോപലക്ഷം കർഷകജനതയുടെ വാസഗേഹങ്ങൾ ഉൾപ്പെടുന്നതാണെന്നും, ഈ ഗൂഢലക്ഷ്യങ്ങൾ പ്രാവർത്തികമാക്കിയാൽ അവരുടെ ജീവിതം അനിശ്ചിതത്വത്തിലാകുമെന്നുമുള്ള സത്യം പൊതുസമൂഹ

ത്തിനു വെളിപ്പെടുത്തി കൊടുക്കുന്നതിൽ ഇൻഫാം എടുത്ത ചുവടുവയ്പ്പുകൾ അവിസ്മരണീയമാണ്. കർഷക ജനതയുടെ ആവശ്യങ്ങളിൽ ഒപ്പം നിൽക്കാൻ ഈ സംഘടന എന്നും ബദ്ധശ്രദ്ധരാണ്.

**ഉപസംഹാരം**

മണ്ണിൽ നിന്ന് ഫലങ്ങൾ കൊയ്തെടുത്ത് തങ്ങളുടെ സഹോദരങ്ങൾക്കും മറ്റു ജീവജാലങ്ങൾക്കും ഭക്ഷണം-വിളമ്പുന്ന കർഷക സഹോദരങ്ങളുടെ കരങ്ങൾക്ക് കരുത്തുപകരാനും അവരുടെ മനസുകളെ ബലപ്പെടുത്താനും നമുക്ക് ഒരുമിച്ച് നിൽക്കാം. ഇൻഫാം ഇനിയും രൂപീകൃതമാകാത്ത മേഖലകളിൽ യൂണിറ്റുകൾ ആരംഭിച്ചുകൊണ്ട് കെ.സി.ബി.സി. നേതൃത്വം നൽകുന്ന ഈ കർഷക സംഘടനയെ നമുക്ക് ശക്തിപ്പെടുത്താം. ചെറുകിട കർഷക ഉന്നമനത്തിനുവേണ്ടി ഇൻഫാം വിഭാവനം ചെയ്തു നടപ്പാക്കുന്ന കർമപദ്ധതികൾ പൂർണമായ ഫലപ്രാപ്തിയിൽ എത്തിക്കുവാൻ അഭിവന്ദ്യ പിതാക്കന്മാരുടെയും വൈദികരുടെയും സന്യസ്തരുടെയും അൽമായ സഹോദരങ്ങളുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

കൃഷിയെയും കർഷകനെയും ഹൃദയത്തിൽ ചേർത്തുപിടിച്ച് നമുക്കുവേണ്ടി ജീവന്റെ അപ്പമായി തീർന്ന ഈശോയുടെ സമാധാനം നിങ്ങളോടുകൂടെ ഉണ്ടാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും സുരക്ഷിത വിളഭൂമിയായി നമ്മുടെ കൃഷിഭുമി മാറട്ടെയെന്നും സഹോദരങ്ങളായ കർഷകർക്ക് പ്രത്യാശയും സമൃദ്ധിയും ഐശ്വര്യവും നിറഞ്ഞ ജീവിതം കർത്താവ് നൽകട്ടെയെന്നും പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**+മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ**

ഇൻഫാം ദേശീയ രക്ഷാധികാരി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2026 ആഗസ്റ്റ് മാസം സൗകര്യപ്രദമായ ഒരു ഞായറാഴ്ച ഈ സർക്കുലർ കേരള കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# JUSTICE SUNDAY

**23rd August 2026**

**I. CIRCULAR**

**Theme: JUSTICE BEGINS WITH US**

Your Eminence/Grace/Excellency/Father/Sister/Brother and Faithful in Christ,

Greetings of Peace from CBCI Office for Justice, Peace and Development!

As we observe Justice Sunday 2026, we reflect on the theme "Justice Begins with Us." The prophet Isaiah reminds us that true worship of God is inseparable from the practice of justice. God calls us not merely to avoid wrongdoing, but to actively seek justice, protect the vulnerable, and uphold the dignity of every person.

Justice is rooted in the very nature of God and reaches its fullness in Jesus Christ, who proclaimed good news to the poor, welcomed the excluded, and restored the dignity of the forgotten. To follow Christ is to become instruments of His justice in our homes, parishes, workplaces, and society.

The Second Vatican Council reminds us that "the joys and the hopes, the griefs and the anxieties" of humanity are also those of Christ's disciples (Gaudium et Spes, 1). Likewise, Pope Francis reminds us that "an authentic faith always involves a deep desire to change the world" (Evangelii Gaudium, 183). Our faith therefore cannot remain within the walls of our churches; it must be expressed through lives of justice, mercy, and compassionate service.

In the Indian context, this call is especially urgent. Poverty, discrimination, violence, corruption, environmental degradation,

and the neglect of the vulnerable continue to challenge our society. As disciples of Christ, we are called to promote peace, uphold the dignity of women and children, care for creation, reject every form of discrimination, and stand in solidarity with those on the margins.

Justice begins with the choices we make each day with honesty, fairness, forgiveness, respect, and concern for our neighbour. When our hearts are transformed by Christ, our families, parishes, and communities become signs of God's Kingdom.

As Martin Luther King Jr. wisely observed, "Injustice anywhere is a threat to justice everywhere." Let Justice Sunday renew our commitment to become witnesses of the Gospel by building communities where justice, mercy, and peace flourish.

Justice begins with us-when we choose truth over falsehood, compassion over indifference, service over self-interest, and love over prejudice. As disciples of Christ, let us become builders of justice in our families, our parishes, and our nation. In doing so, we become living witnesses to the Gospel of Jesus Christ.

May the Lord strengthen each of us to "learn to do good, seek justice, rescue the oppressed, defend the orphan, and plead for the widow" (Isaiah 1:17). May Justice Sunday 2026 inspire us to remember that lasting transformation begins with each one of us.

With my prayerful blessings,

**+ Ab Most. Rev. Dr. Peter Machado Chairman**
CBCI Office for Justice, Peace and Development

No: 4228/K-5/KCBC/OL/DS 11.07.2026

# തടവറ പ്രേഷിത ഞായർ

**9 ഓഗസ്റ്റ് 2026**

## *രോദനം കേൾക്കുക, മുറിവ് ഉണക്കുക, പ്രത്യാശ പുനരുജ്ജീവിപ്പിക്കുക*

ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കു കൃപയും സമാധാനവും. തടവറ പ്രേഷിത ഞായറാഴ്ചയായി ആചരിക്കുന്ന ഓഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ച, അഴികൾക്കു പിന്നിൽ കഴിയുന്ന നമ്മുടെ സഹോദരീസഹോദരന്മാരിലേക്ക് നമ്മുടെ ഹൃദയങ്ങൾ തിരിക്കാൻ സഭ നമ്മെ ക്ഷണിക്കുന്നു. നമ്മൾ കരുതുന്നതുപോലെ തടവറയിൽ കഴിയുന്നവരെല്ലാവരും കൊടുംകുറ്റവാളികളല്ല. ഒരു ദുർബലനിമിഷത്തിൽ തെറ്റിൽ അകപ്പെട്ടുപോയവർ ഇവിടെയുണ്ട്. സാമ്പത്തിക തകർച്ചമൂലം ജയിലറകളിലേക്ക് എത്തപ്പെട്ടവരുണ്ട്. ആസൂത്രിതമായ ദുരാരോപണങ്ങൾ നിമിത്തം തടവറകളിലേക്ക് എറിയപ്പെട്ട, തികച്ചും നിഷ്കളങ്കരായ, തീർത്തും നിസ്സഹായരായ നിരപരാധികളും തടവറയിലുണ്ട്. 'തടവുകാരുടെ ഞരക്കം കേൾക്കാനും മരണത്തിനു വിധിക്കപ്പെട്ടവരെ സ്വതന്ത്രരാക്കാനുംവേണ്ടി' എന്ന സങ്കീർത്തകന്റെ വാക്കുകളിൽനിന്നു (102:20) പ്രചോദനം ഉൾക്കൊണ്ട്, ഈ വർഷത്തെ പ്രമേയത്തെക്കുറിച്ചു നമുക്കു വിചിന്തനം ചെയ്യാം: രോദനം കേൾക്കുവിൻ, മുറിവ് ഉണക്കുവിൻ, പ്രത്യാശ പുനരുജ്ജിപ്പിക്കുവിൻ. ഈ വിഷയം വെറുമൊരു മുദ്രാവാക്യമല്ല; മറിച്ച് സുവിശേഷ കല്പനയാണ്. 'ബന്ധിതർക്കു മോചനവും' (ലൂക്കാ 4:18) ഹൃദയം തകർന്നവർക്ക് സൗഖ്യവുമേകുവാൻ വന്ന യേശുവിന്റെ ദൗത്യത്തെ അത് പ്രതിധ്വനിപ്പിക്കുന്നു.

### രോദനം കേൾക്കുക

തടവറ മതിലുകൾക്കും പൂട്ടിയ കവാടങ്ങൾക്കും ഇരുമ്പഴികൾക്കും പിന്നിലുള്ളത് മനുഷ്യരാണ്; പലപ്പോഴും അവരുടെ രോദനം കേൾക്കപ്പെടാതെ പോകുന്നു. പല തടവുകാരും അവരുടെ മുൻകാല പ്രവർത്തനങ്ങളെക്കുറിച്ചുള്ള കുറ്റബോധത്തോടെയും തകർന്ന ബന്ധങ്ങളുടെ വേദനാജനകമായ ഓർമ്മകളോടെയും കഴിയുന്നു.

ചിലർ സ്വന്തം വീട്ടുകാരാലും സുഹൃത്തുക്കളാലും ഉപേക്ഷിക്കപ്പെട്ടവരാണ്. മറ്റുള്ളവർ വിഷാദം, ഉത്കണ്ഠ, മാനസികാഘാതം, ആസക്തി അല്ലെങ്കിൽ മാനസികരോഗങ്ങൾ എന്നിവയുമായി പോരാടുന്നു. ഒറ്റപ്പെടലിന്റെ വേദനയും സമൂഹം മറന്നുവെന്ന തോന്നലും പലരെയും വേട്ടയാടുന്നു. അതിനാൽ തടവുപുള്ളിയുടെ രോദനം മോചനത്തിനായുള്ള ഒരു അപേക്ഷയേക്കാൾ വളരെ ശക്തമാണ്. "ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെ അടുത്തുവന്നു" (മത്താ 25:36) എന്നു പറയുമ്പോൾ യേശു തടവുകാരുമായി താദാത്മ്യം പ്രാപിക്കുകയാണ്. തടവുകാരുടെ നിലവിളി നാം കേൾക്കുമ്പോൾ, ക്രിസ്തുവിന്റെതന്നെ നിലവിളിയാണു നാം കേൾക്കുന്നത്. നമ്മുടെ ദൈവം ശ്രവിക്കുന്ന ദൈവമാണ്. വിസ്മരിക്കപ്പെട്ടവരുടെയും തിരസ്കരിക്കപ്പെട്ടവരുടെയും തടവിലാക്കപ്പെട്ടവരുടെയും നിലവിളികൾക്ക് അവൻ ചെവികൊടുക്കുന്നു. ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ സഭയും അതുതന്നെ ചെയ്യണം.

**ശ്രവണ ശുശ്രൂഷ**

വിമോചനം പലപ്പോഴും ശ്രവണത്തിലൂടെ ആരംഭിക്കുന്നു. തടവുകാരെ ഒരിക്കലും അവരുടെ കുറ്റകൃത്യങ്ങളിലൂടെ മാത്രം ചുരുക്കികാണരുതെന്നും എന്നാൽ ദൈവത്താൽ സ്നേഹിക്കപ്പെടുന്നവരും നവീകരിക്കാൻ കഴിവുള്ളവരുമായി എപ്പോഴും അംഗീകരിക്കപ്പെടണമെന്നും ഫ്രാൻസിസ് പാപ്പാ നമ്മെ ആവർത്തിച്ച് ഓർമ്മിപ്പിക്കുകയുണ്ടായി. അതിനാൽ, അനുകമ്പയോടെ ശ്രവിക്കുക എന്നത് ഒരു വിശുദ്ധ ശുശ്രൂഷയാണ്. ശ്രദ്ധയോടെ കേൾക്കുന്നതിലൂടെ, തടവുകാരെ അവരുടെ മാഹാത്മ്യവും മാനവികതയും പ്രത്യാശയും വീണ്ടും കണ്ടെത്താൻ നാം സഹായിക്കുന്നു.

**മുറിവ് ഉണക്കുക**

ഓരോ തടവുപുള്ളിയും മുറിവുകൾ വഹിക്കുന്നവരാണ്. തടവറകളിലുള്ള സഭയുടെ സാന്നിദ്ധ്യം അടിസ്ഥാനപരമായി ഒരു സൗഖ്യശുശ്രൂഷയാണ്. സമർപ്പിത സഹോദരിമാരും വൈദികരും സന്നദ്ധപ്രവർത്തകരും കൗൺസിലർമാരും തടവറ പ്രേഷിതരും അഴികൾക്കു പിന്നിലുള്ളവർക്കു വേണ്ടി ക്രിസ്തുവിന്റെ സൗഖ്യദായക ശുശ്രൂഷ തുടരുന്നു. പലപ്പോഴും രോഗശാന്തി ആരംഭിക്കുന്നത് ലളിതമായ ഭാവപ്രകടനങ്ങളിലൂടെയാണ്: ശ്രവിക്കാനുള്ള സന്നദ്ധത, പ്രാർഥന, സന്ദർശനം, ഒരു കത്ത്, ഒരു പ്രോത്സാഹനവാക്ക് അല്ലെങ്കിൽ ദയയുടെ ഒരു പ്രവൃത്തി തുടങ്ങിയവയിലൂടെ ദൈവം തന്റെ രോഗശാന്തി ശുശ്രൂഷ തുടരുന്നു.

**സഹാനുഭൂതി (empathy): തടവറ ശുശ്രൂഷയുടെ കാതൽ**

സഹാനുഭുതി എന്നത് മറ്റൊരു വ്യക്തിയുടെ സഹനത്തിലേക്കു പ്രവേശിക്കാനുള്ള കഴിവാണ്. യേശു തൻറെ ശുശ്രൂഷയിലുടനീളം അഗാധമായ സഹാനുഭൂതി പ്രകടിപ്പിച്ചു. അവിടന്നു കുഷ്ഠരോഗികളെ സ്പർശിച്ചു. പാപികൾക്കു മാപ്പുകൊടുത്തു കുരിശിലെ സഹനവേളയിലും, അനുതപിച്ച കള്ളനോട് അവിടന്നു കരുണയുടെ വാക്കുകൾ അരുൾചെയ്തു: ഇത് ഓരോ തടവറ ശുശ്രൂഷിക്കും പ്രചോദനമാകണം.. മുൻവിധികളില്ലാതെ ശ്രവിക്കാനും, മുറിവുകൾ മനസ്സിലാക്കാനും, അനുരഞ്ജനവും ബന്ധങ്ങളുടെ പുനഃസ്ഥാപനവും പ്രോത്സാഹിപ്പിക്കാനും സഹാനുഭൂതി നമ്മെ പ്രാപ്തരാക്കുന്നു. സഹാനുഭൂതിയിലൂടെ സന്നദ്ധപ്രവർത്തകർ ക്രിസ്തുവിന്റെ അനുകമ്പാർദ്ര സ്നേഹത്തിന്റെ സജീവ അടയാളങ്ങളായി മാറുന്നു.

**പ്രത്യാശ പുനരുജ്ജീവിപ്പിക്കുക**

ഒരുപക്ഷേ തടവറയിലെ മതിലുകൾക്കുള്ളിൽ സംഭവിക്കുന്ന ഏറ്റവും വലിയ ദുരന്തം പ്രത്യാശ നഷ്ടപ്പെടുക. എന്നതാണ്. പ്രത്യാശയില്ലെങ്കിൽ പുനരധിവാസം ദുഷ്കരമാകും. പ്രത്യാശ ഇല്ലാതാകുമ്പോൾ മാനസാന്തരം സാധ്യമാണെന്ന ആളുകളുടെ വിശ്വാസവും ഇല്ലാതാകും. എന്നാൽ, സുവിശേഷം അടിസ്ഥാനപരമായി പ്രത്യാശയുടെ സന്ദേശമാണ്. തന്റെ ശുശ്രൂഷയിലുടനീളം, സമൂഹം തിരസ്ക്കരിച്ചവരിൽ യേശു പ്രത്യാശ പുനരുദ്ധരിച്ചു. പ്രത്യാശ പുനരുജ്ജീവിപ്പിക്കുക എന്നാൽ തടവുകാരെ സമൂഹത്തിലേക്കു വീണ്ടും -സംയോജിപ്പിക്കാൻ സഹായിക്കുകയെന്നതാണ്; അവരുടെ കുടുംബത്തെ പിന്തുണയ്ക്കുക എന്നതാണ്.. തടവുകാരുടെ കുട്ടികൾ അവരുടേതല്ലാത്ത കാരണത്താൽ കഷ്ടപ്പെടാൻ ഇടയാകരുത്.

**വധശിക്ഷ നിർത്തലാക്കൽ**

കത്തോലിക്കാ സഭ ഓരോ മനുഷ്യജീവന്റെയും പവിത്രമായ മാഹാത്മ്യം ഉയർത്തിപ്പിടിക്കുന്നു. അതിനാൽ സഭ വധശിക്ഷയെ എതിർക്കുന്നു. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം ഇങ്ങനെ പഠിപ്പിക്കുന്നു: വധശിക്ഷ വ്യക്തിയുടെ അലംഘനീയതയ്ക്കും മാഹാത്മ്യത്തിനുമെതിരായ ആക്രമണമാണ് ലോകമെമ്പാടും അത് നിർത്തലാക്കുന്നതിന് സഭ ദൃഢനിശ്ചയത്തോടെ പ്രവർത്തിക്കുന്നു (CCC 2267). ഈ പ്രബോധനം കുറ്റകൃത്യത്തിന്റെ ഗൗരവത്തെയോ നീതിയുടെ ആവശ്യകതയെയോ നിഷേധിക്കുന്നില്ല. പകരം, ഒരു വ്യക്തിക്കും തനിക്കു ദൈവം നല്കിയ മാഹാത്മ്യം നഷ്ടപ്പെടുന്നി

ല്ലെന്ന് ഉറപ്പിച്ചുപറയുന്നു. വിശുദ്ധ പൗലോസ് പീഡകനിൽനിന്ന് അപ്പോസ്തലനായി രൂപാന്തരപ്പെട്ടു. ധൂർത്തപുത്രൻ വീട്ടിലേക്കു സ്വാഗതം ചെയ്യപ്പെട്ടു. നല്ല കള്ളൻ പറുദീസയിൽ പ്രവേശിച്ചു. ദൈവം ഒരിക്കലും പാപിയെ കൈവിടുന്നില്ല. മാനസാന്തരത്തിനുള്ള സാധ്യത ആർക്കും നിഷേധിക്കപ്പെടരുത്.

**മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടവരെ അനുഗമനം ചെയ്യുന്നത്**

ഐക്യരാഷ്ട്ര സഭയുടെ ഓഫീസ് ഓൺ ഡ്രഗ്സ് ആൻഡ് ക്രൈം നല്കുന്ന കണക്കനുസരിച്ച്, ലോക മെമ്പാടും ഏകദേശം 11.5 ദശലക്ഷം തടവുകാരുണ്ട്. 23 ദശലക്ഷത്തിലധികം കുട്ടികളാണ് മാതാപിതാക്കൾ തടവറയിൽ ആയിരിക്കുന്നതിനാൽ കഷ്ടതയിലായിരിക്കുന്നത്. ആംനസ്റ്റി ഇന്റർനാഷണൽ റിപ്പോർട്ട് അനുസരിച്ച് 2025-ന്റെ അവസാനത്തോടെ 113 രാജ്യങ്ങൾ വധശിക്ഷ പൂർണമായും നിർത്തലാക്കി.. അതേസമയം, ലോകമെമ്പാടും 25,508 പേരെങ്കിലും വധശിക്ഷ കാത്തിരിക്കുകയുമാണ്. ക്രിസ്ത്യാനികൾ എന്ന നിലയിൽ, പ്രാർഥന, ആത്മീയ പരിചരണം, കൗദാശിക ശുശ്രൂഷ, നിയമസഹായം എന്നിവയിലൂടെ ഈ സഹോദരീസഹോദരന്മാരെ അനുധാവനം ചെയ്യാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

**നമ്മുടെ രൂപതയോടുള്ള ആഹ്വാനം**

തടവറ ശുശ്രൂഷയുടെ ദൗത്യത്തിൽ സജീവമായി പങ്കുചേരാൻ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളെയും സന്യാസസമൂഹങ്ങളെയും, സ്ഥാപനങ്ങളെയും, ഭക്തസംഘടനകളെയും ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. തടവുകാർക്കും അവരുടെ കുടുംബങ്ങൾക്കുംവേണ്ടി നമുക്ക് പ്രാർഥിക്കാം. തടവറ ശുശ്രൂഷയിലെ എല്ലാ സന്നദ്ധപ്രവർത്തകരെയും നമുക്ക് പിന്തുണയ്ക്കാം. പുനരധിവാസവും നീതി പുനഃസ്ഥാപന പരിപാടികളും നമുക്ക് പ്രോത്സാഹിപ്പിക്കാം. പുതിയ തുടക്കം ആഗ്രഹിക്കുന്ന തടവുകാരെ നമുക്ക് സ്വാഗതം ചെയ്യാം. കാരുണ്യത്തിന്റെ സംസ്കാരം നമുക്ക് പ്രോത്സാഹിപ്പിക്കാം. വിസ്മൃതിയിലായവരെ ശ്രവിക്കുന്ന, മുറിവേറ്റവരെ സുഖപ്പെടുത്തുന്ന, നിരാശരായവർക്കു പ്രത്യാശ നല്കുന്ന ഒരു സഭയായി നമുക്ക് മാറാം.

**നന്ദിയും ആശീർവാദവും**

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, ഓരോ ജയിൽ നമ്പറിനു പിന്നിലും ഒരു മനുഷ്യ മുഖമുണ്ട്. ഓരോ ശിക്ഷാവിധിക്കു

പിന്നിലും ഒരു കഥയുണ്ട്. ഓരോ ജയിൽ മതിലിനു പിന്നിലും കേൾക്കപ്പെടാനും സുഖപ്പെടുത്തപ്പെടാനും നവീകരിക്കപ്പെടാനും കൊതിക്കുന്ന ഒരു ഹൃദയമുണ്ട്. ഈ തടവറ പ്രേഷിത ഞായറാഴ്ച (Prison Ministry Sunday), ക്രിസ്തുവിന്റെ കരുണാർദ്രമായ ഹൃദയം നമ്മിൽ നവീകരിക്കപ്പെടട്ടെ. തടവുപുള്ളിയുടെ നിലവിളി നമുക്ക് കേൾക്കാം. തകർന്ന ജീവിതത്തിന്റെ മുറിവുണക്കാൻ നമുക്ക് സഹായിക്കാം. തടവറ പ്രേഷിത ശുശ്രൂഷയുടെ മധ്യസ്ഥരായ വിശുദ്ധ മാക്സിമില്യൻ കോൾബെയും ധന്യനായ വാൻ തുവാനും ഈ ശുശ്രൂഷയിൽ സേവനമനുഷ്ഠിക്കുന്ന എല്ലാവർക്കുംവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ. കരുണയുടെ മാതാവായ പരിശുദ്ധ കന്യകമറിയം എല്ലാ തടവുകാരെയും അവരുടെ കുടുംബങ്ങളെയും ജയിൽ ജീവനക്കാരെയും സന്നദ്ധപ്രവർത്തകരെയും അനുഗമനം ചെയ്യട്ടെ.

പ്രാർഥനയിലൂടെയും സേവനത്തിലൂടെയും ഉദാരമനസ്കതയിലൂടെയും തടവറ പ്രേഷിത ശുശ്രൂഷയെ പിന്തുണയ്ക്കുന്ന എല്ലാ രൂപതകളോടും സമർപ്പിതസമൂഹങ്ങളോടും അഭ്യുദയകാംക്ഷികളോടും വിശ്വാസികളോടും എന്റെ സഹോദരമെത്രാന്മാർക്കൊപ്പം ഞാൻ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. യേശു സാഹോദര്യകൂട്ടായ്മയുടെ അർപ്പണബോധമുള്ള സന്നദ്ധപ്രവർത്തകരെ ഞാൻ പ്രത്യേകം-അഭിനന്ദിക്കുന്നു.

പ്രാർഥനാപൂർവകമായ ആശീർവാദങ്ങളോടെ, ബന്ധിതരെ മോചിപ്പിക്കുന്ന ക്രിസ്തുവിൽ,

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ**

(ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ബിഷപ് മാർ ജോസ് പുളിക്കൽ**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

ബിഷപ് തോമസ് മാർ യൗസേബിയൂസ്

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി.,
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി: 682 025

# അമലഗിരി വാർത്തകൾ

**ഓൺഗോയിങ് ഫോർമേഷനും വിയാനി ദിനാഘോഷവും**

ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട വൈദികർക്കായുള്ള ഓൺ ഗോയിങ് ഫോർമേഷൻ ഓഗസ്റ്റ് 11ാം തീയതി രാവിലെ അമല ഗിരി അരമനയിലും വിയാനി ദിനാഘോഷം വൈകുന്നേരം കല്ലുമല സെന്റ് ജോൺ മരിയ വിയാനി ക്ലർജി ഹോമിലും വച്ച് നടത്തപ്പെടുന്നു.

**വാർഷിക ധ്യാനം**

ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട വൈദികർക്കായുള്ള വാർഷിക ധ്യാനം 2026 നവംബർ 9 മുതൽ 13 വരെ തീയതിക ളിൽ പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്നു.

**കോർ-എപ്പിസ്കോപ്പാ സ്ഥാനരോഹണം**

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട കോർ-എപ്പിസ്കോപ്പാമാരുടെസ്ഥാനരോ ഹണം 2026 ഓഗസ്റ്റ് 13ാം തീയതി പട്ടം സെന്റ് മേരീസ് മേജർ ആർക്കിഎപ്പാർക്കിയൽ കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്നു.

**എപ്പിസ്കോപ്പൽ സിൽവർ ജൂബിലി**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്ക ബാവായുടെ എപ്പിസ്കോപ്പൽ സിൽവർ ജൂബിലി ആഘോഷം ഓഗസ്റ്റ് 22ാം തീയതി പട്ടം സെന്റ് മേരീസ് മേജർ ആർക്കിഎപ്പാർക്കിയൽ കത്തീഡ്രലിൽ വച്ച് നടത്തപ്പെ ടുന്നു.

**പുനരൈക്യ വാർഷികം**

സാർവ്വത്രിക സഭയിലേക്ക് മലങ്കര സഭ പുനരൈക്യപ്പെട്ട തിന്റെ 96-ാം വാർഷികം പൂനെ-ഖഡ്കി ഭദ്രാസനത്തിന്റെ നേതൃ ത്വത്തിൽ ചെന്നൈ മാർ ഈവാനിയോസ് നഗറിലെ മാർ ഗ്രീഗോറിയോസ് കോളേജിൽ വെച്ച് സെപ്റ്റംബർ 17 മുതൽ 19 വരെ തീയതികളിൽ നടത്തപ്പെടുന്നു.

# പ്രബോധന

**വിശ്വാസപരിശീലനദിനം**

2026 ഓഗസ്റ്റ് 2-ാം തീയതി ഞായറാഴ്ച ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും വിശ്വാസ പരിശീലന പരിപാലന ദിനം ഭക്തിനിർഭരമായി ആചരിച്ചു.

# എം.സി.എം.എഫ്.

**ജോൺ മരിയവിയാനി ദിനം**

ആഗസ്റ്റ് 4 ജോൺ മരിയവിയാനി ദിനാചരണത്തിന്റെ ഭാഗമായി ആഗസ്റ്റ് 9 (ഞായറാഴ്ച) 6 വൈദീകജില്ലകളിലെയും എല്ലാ ഇടവകകളിലും ബഹുമാനപ്പെട്ട ഇടവക വികാരി അച്ചന്മാരെ ആദരിക്കുകയും, അവരുടെ വൈദീക ശുശ്രൂഷയ്ക്കും, ആരോഗ്യത്തിനും, ആത്മീയ വളർച്ചയ്ക്കുമായി വിശുദ്ധ കുർബാന സമർപ്പിക്കുകയും ചെയ്യണം. എല്ലാ എം.സി.എം.എഫ്. അംഗങ്ങളും സജീവമായി പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു.

**അർദ്ധവാർഷിക സെനറ്റ്**

07-08-2026 (വെള്ളിയാഴ്ച) രാവിലെ 9.30-ന് ചെങ്ങന്നൂർ വൈദീകജില്ലയിൽ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ വച്ച് ഭദ്രാസനാ വികാരി ജനറാൾ വന്ദ്യ മോൺ. ജോബ് കല്ലുവിളയിൽ അച്ചന്റെയും, ചെങ്ങന്നൂർ വൈദിക ജില്ലാ വികാരി പെരിയ ബഹു. സാം പാരുവേലിൽ അച്ചന്റെയും, ഭദ്രാസന ഡയറക്ടർ ബഹു. ജെയിൻ ജോൺ തെങ്ങുവിളയിൽ അച്ചന്റെയും സാന്നിധ്യത്തിൽ നടത്തപ്പെടുന്നു. രാവിലെ 9:30 രജിസ്ട്രേഷൻ, 9.45 വിശുദ്ധ കുർബാന, തുടർന്ന് ജില്ലാ റിപ്പോർട്ട് അവതരണം, ഭദ്രാസന റിപ്പോർട്ട് & കണക്ക് അവതരണം, വിയാനിദിനാഘോഷം എന്നിവ നടത്തപ്പെടുന്നു.

# എം.സി.എ.

## വിശുദ്ധ ജോൺ മരിയവിയാനി ദിനാചരണം.

ഇടവക വൈദീകരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ ഓർമ്മപെരുന്നാൾ ഓഗസ്റ്റ് മാസം നാലാം തീയതി ആണല്ലോ. എല്ലാ എം.സി.എ. യൂണിറ്റുകളും,ഓഗസ്റ്റ് 9-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്ക് ശേഷം ഇടവക വികാരമാരെ യഥോചിതം ആദരിക്കേണ്ടതാണ്.

ജില്ലാസമിതികൾ അതാത് ജില്ലയിലെ ഒരു യൂണിറ്റ് തിരഞ്ഞെടുത്ത് ആ യൂണിറ്റിൽ ജില്ലാതല വിശുദ്ധ ജോൺ മരിയവിയാനി ദിനം ആചരിക്കേണ്ടതാണ്.

ഭദ്രാസനതല ആചരണം ഓഗസ്റ്റ് 9ാം തീയതി രാവിലെ 11.30 നു വെളിയം സെന്റ് അന്റണിസ് മലങ്കര കത്തോലിക്ക പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു.

## ഇൻഡിപ്പെൻഡൻസ് ഡേ

നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യദിനാഘോഷം ഓഗസ്റ്റ് മാസം പതിനഞ്ചാം തീയതി ആണല്ലോ. എല്ലാ എം.സി.എ. യൂണിറ്റുകളും, ജില്ലകളും ഓഗസ്റ്റ് 15-ാം തീയതി ഇടവകകളിൽ ദേശീയ പതാക ഉയർത്തുകയും, സ്വാതന്ത്ര്യദിനാഘോഷം സമുചിതമായി ആഘോഷിക്കുകയും ചെയ്യേണ്ടതാണ്.

ജില്ലാസമിതികൾ അതാത് ജില്ലയിലെ ഒരു യൂണിറ്റ് തിരഞ്ഞെടുത്ത് ആ യൂണിറ്റിൽ ജില്ലാ തല സ്വാതന്ത്ര്യ ദിനാഘോഷം നടത്തേണ്ടതാണ്. ഭദ്രാസനതല സ്വാതന്ത്ര്യദിനാഘോഷം ഓഗസ്റ്റ് 15-ാം തീയതി രാവിലെ 7.30നു ചാരുമൂട് സെന്റ് മേരീസ് മലങ്കര കത്തോലിക്ക പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു.

# എം.സി.വൈ.എം.

**അർദ്ധവാർഷിക സെനറ്റ്**

എം.സി.വൈ.എം മാവേലിക്കര ഭദ്രാസനത്തിന്റെ അർദ്ധ വാർഷിക സെനറ്റ് 2026 ജൂൺ 28-ന് കറ്റാനം വൈദിക ജില്ല യുടെ ആതിഥേയത്വത്തിൽ കുടശ്ശനാട് സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ നടന്നു.

ഭദ്രാസന പ്രസിഡന്റ് രഞ്ജു രാജുവിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം മാവേലിക്കര ഭദ്രാസന MSC സ്കൂൾസ് കറസ്പോണ്ടന്റ് ബഹു. ഡാനിയേൽ തെക്കേടത്ത് അച്ചൻ ഉദ്ഘാടനം ചെയ്തു. ഭദ്രാസന ഡയറക്ടർ ബഹു. ജോസഫ് തെക്കേവീട്ടിൽ അച്ചൻ, കറ്റാനം വൈദിക ജില്ല ഡയറക്ടർ ബഹു. ക്രിസ്റ്റി ജോൺ OIC അച്ചൻ, കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ഷിബിൻ ഷാജി എന്നിവർ സാന്നിഹിതരായിരുന്നു.

ആറ് വൈദിക ജില്ലകളുടെ പങ്കാളിത്തത്തോടെ നടന്ന സെനറ്റിന്റെ സമാപന സമ്മേളനത്തിൽ മാവേലിക്കര ഭദ്രാസന വികാരി ജനറാൾ മോൺ. ജോബ് കല്ലുവിളയിൽ അച്ചൻ സമാപന സന്ദേശവും ആശീർവാദവും നൽകി.

**പദയാത്രഒരുക്കധ്യാനം**

ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ 73-ാം ഓർമ്മ പെരുന്നാളിനോട് അനുബന്ധിച്ചുള്ള പദയാത്ര ഒരുക്ക ധ്യാനം ജൂൺ 30-ന് ഓൺലൈനായി നടത്തപ്പെട്ടു. പദയാത്ര ഒരുക്ക ധ്യാനം റവ. ഫാ. മാത്യു മണലുവിള ഒ.ഐ.സി. നേതൃത്വം നൽകി.

**ഭദ്രസന മെഴുകുതിരി പ്രദക്ഷിണം**

എം. സി. വൈ. എം മാവേലിക്കര ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ 73-ാം ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് മെഴുകുതിരി പ്രദ

ക്ഷിണം 2026 ജൂലൈ 5-ന് വന്ദ്യപിതാവിന്റെ മാതൃ ഇടവക യായ പുതിയകാവ് സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ തീർത്ഥാടന ദൈവാലയത്തിൽ നിന്ന് ആരംഭിച്ച് കല്ലുമല സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക ദൈ വാലയം വരെ നടത്തപ്പെട്ടു.

മാവേലിക്കര ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത, വികാരി ജനറൽ മോൺ. ജോബ് കല്ലുവിളയിൽ, വന്ദ്യ യൂഹാനോൻ പുത്തൻവീട്ടിൽ റമ്പാച്ചൻ, ഭദ്രാസനത്തിലെ വന്ദ്യ വൈദികർ, സിസ്റ്റേഴ്സ്, അല്മായസഹോദരങ്ങൾ എന്നിവർ പങ്കെടുത്തു.

**തീർത്ഥാടനപദയാത്ര**

ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ 72-ാം ഓർമ്മ തിരുനാളിനോടനുബന്ധിച്ച് MCYM മാവേലിക്കര ഭദ്രാസന സമി തിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന തീർത്ഥാടനപദയാ ത്രയ്ക്ക് ജൂലൈ 9-ന് രാവിലെ 6:30-ന് പുതിയകാവ് സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ പോളികാർപ്പോസ് മെത്രാപ്പോ ലീത്തായുടെ മുഖ്യകാർമികത്വത്തിൽ അർപ്പിച്ച വിശുദ്ധ കുർ ബാനയോടെ ആരംഭിച്ചു. തുടർന്ന് ധന്യൻ ആർച്ച് ബിഷപ്പ് മാർ ഇവാനിയോസ് പിതാവിന്റെ ജന്മഗൃഹത്തിൽ നടന്ന ധൂപപ്രാർ ത്ഥനയ്ക്ക് ശേഷം വള്ളിക്കുരിശ് MCYM ഭദ്രാസന പ്രസിഡന്റ് രഞ്ചു രാജുവിനും MCYM പതാക ഭദ്രാസന ജനറൽ സെക്രട്ടറി റോഷ്മ പാപ്പച്ചനും കൈമാറിക്കൊണ്ട് അഭിവന്ദ്യ ഡോ. മാത്യൂസ് മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ തീർത്ഥാടന പദ യാത്ര ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ ഭദ്രാസന വികാരി ജനറൽ മോൺ. ജോബ് കല്ലു വിളയിൽ, ബഥനി നവജീവൻ പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീ രിയർ ഫാ. സിറിൽ ആനന്ദ് OIC, മാവേലിക്കര നിയോജക മ ണ്ഡലം എം.എൽ.എ. ശ്രീ. എം.എസ്. അരുൺ കുമാർ, ബഹുമാ നപ്പെട്ട വൈദികർ, സിസ്റ്റേഴ്സ്, അൽമായ പ്രതിനിധികൾ എന്നി വർ സന്നിഹിതരായിരുന്നു.

ജൂലൈ 9 മുതൽ 14 വരെ നടക്കുന്ന തീർത്ഥാടനപദയാത്ര വിവിധ ദൈവാലയങ്ങൾ സന്ദർശിച്ച് ജൂലൈ 14-ന് പട്ടം കബ റിങ്കലിൽ എത്തിച്ചേർന്നു.

# കെ.സി.എസ്.എൽ

## മാർ ഈവാനിയോസ് അനുസ്മരണവും ക്വിസ് പ്രോഗ്രാമും

ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മയോടാനുബന്ധിച്ച് കെ.സി.എസ്. എൽ.ന്റെ ആഭിമുഖ്യത്തിൽ ജൂലൈ 16ാം തീയതി മാർ ഈവാനിയോസ് അനുസ്മരണവും, ക്വിസ് പ്രോഗ്രാമും, കുട്ടികളുടെ വിവിധ കലാപരിപാടികളും സ്കൂളുകളിൽ നടത്തപ്പെട്ടു.

**അൽഫോൻസാ ദിനം**

വി. അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് ജൂലൈ 28ാം തീയതി അനുസ്മരണ സമ്മേളനവും, കലാപരിപാടികളും നടത്തപ്പെട്ടു.

## Director's visit

ആലപ്പുഴ, കൊല്ലം സോണുകളിലെ സ്കൂളുകളിൽ കെ.സി.എസ്.എൽ. മാവേലിക്കര ഭദ്രാസന ഡയറക്ടർ ബഹു. ജോർജ് പുളിവിള അച്ചൻ സന്ദർശിച്ചു.

ആലപ്പുഴ സോൺ - ബഥനി സെൻട്രൽ സ്കൂൾ, നങ്ങ്യാർകുളങ്ങര
- ബഥനി ബാലികാമഠം എച്ച്.എസ്., നങ്ങ്യാർകുളങ്ങര.
- സെന്റ് മേരീസ് ജി.എച്ച്.എസ്., കായംകുളം
- സെന്റ് ആൻസ് എച്ച്. എസ്., ചെങ്ങന്നൂർ

കൊല്ലം സോൺ - സെന്റ് ജോർജ് സെൻട്രൽ സ്കൂൾ, അമ്പലത്തുംകാല

**ആനിമേറ്റേഴ്സ്മീറ്റിംഗ്**

2026 ജൂലൈ 14-ാം തീയതി ആനിമേറ്റേഴ്സ് മീറ്റിംഗ് ബഥനി സെൻട്രൽ സ്കൂളിൽ വെച്ച് നടത്തപ്പെട്ടു.

# ഇൻഫാം

## ഇൻഫാം മാവേലിക്കര കാർഷിക ജില്ല

ഇൻഫാമിന്റെ ഒരു മീറ്റിംഗ് എട്ടാം തീയതി ബുധനാഴ്ച കായംകുളം ഓഫീസിൽ വച്ച് നടത്തപ്പെട്ടു. ഇതിൽ എല്ലാം കാർഷിക ജില്ലാ ഭാരവാഹികളും താലൂക്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവരും പങ്കെടുത്തു. ഓരോ താലൂക്കിൽ നടക്കുന്ന പ്രവർത്തനം റിപ്പോർട്ട് സെക്രട്ടറിമാർ കൊണ്ടുവരുകയും കൂടാതെ ഗ്രാമസമിതിയുടെ ലിസ്റ്റും പുതിയ അംഗങ്ങളുടെ ഫോമും ഉള്ളവർ കൊണ്ടു വരുകയും, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മൂന്ന് മാസങ്ങളിൽ താലൂക്കുകളിൽ നടപ്പിലാക്കുന്ന പരിപാടികൾ എന്തെല്ലാം എന്ന് അറിയിക്കുകയും ചെയ്തു.

ഇൻഫാം മാവേലിക്കര കാർഷിക ജില്ലാ ഇൻഫാം അസംബ്ലി നമ്മുടെ ഈ വർഷത്തെഇൻഫാം അസംബ്ലിയും, പാറത്തോട് ഇൻഫോം ഓഫീസ് വിസിറ്റും ആഗസ്റ്റ് മാസം 5-ാം തീയതി നടത്താൻ തീരുമാനിച്ചിരിക്കുന്നു. കറ്റാനം, മാവേലിക്കര ചെങ്ങന്നൂർ, കൊല്ലം, പുത്തൂർ, കടമ്പനാട് താലൂക്ക് ഭാരവാഹികളും, ഡയറക്ടേഴ്സും ഈ മീറ്റിങ്ങിൽ പങ്കെടുക്കുന്നു.

## ഇൻഫാം മാവേലിക്കര കാർഷിക താലൂക്ക് മീറ്റിംഗ്

ശൂരനാട് സൗത്ത് -07/07/2026 നു ശൂരനാട് സൗത്ത് ദേവാലയത്തിൽ വച്ച് കടമ്പനാട് താലൂക്കിൽ ശൂരനാട് തെക്ക്, ശൂരനാട് വടക്ക്, പോരുവഴി, പാവുമ്പാ, യൂണിറ്റുകളുടെ പ്രതിനിധികളുടെ സംയുക്ത മീറ്റിംഗ് നടന്നു. 2.30 നു ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ഇൻഫാം മാവേലിക്കര ജില്ലാപ്രസിഡന്റ് അദ്ധ്യക്ഷൻ ആയിരുന്നു. താലൂക്ക് സെക്രട്ടറി സ്വാഗതവും റിപ്പോർട്ടും അവതരിപ്പിച്ചു. ഇന്ത്യയിൽ 5 ലക്ഷം ഇൻഫാം അംഗങ്ങൾ ഉണ്ട്. കേരളത്തിൽ 25,000 അംഗങ്ങളുള്ള വലിയ സംഘടനയാണ് ഇൻഫാം എന്ന് പ്രസിഡന്റ് അഭിപ്രായപ്പെട്ടു. പന്നികൾ വ്യാപകമായി കൃഷി നശിപ്പിക്കുന്നതിനാൽ കർഷകർ കൃഷിയിൽ നിന്നും പിൻമാറി അന്യസംസ്ഥാന വിഭവങ്ങളെ ആശ്രയിക്കുന്നു, അതിന്റെ ഫലമായി ക്യാൻസർ അതിവേഗം പടർന്ന

പിടിക്കുന്ന മഹാമാരിയായി മാറിയിരിക്കുന്നു. 5 സെന്റ് സ്ഥലത്ത് കൃഷി ചെയ്യുന്ന കർഷകരെ കൂടി സംഘത്തിൽ ചേർക്കണം. ചെങ്ങന്നൂരിൽ നബാഡിന്റെ സഹായത്തോടുകൂടി നടത്തുന്ന പദ്ധതി പോലെ കടമ്പനാട് താലൂക്കിലും കർഷകസമിതി രൂപീകരിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യം നേടിയെടുക്കുന്നതിനെപ്പറ്റി ആനിമേറ്റർ നല്ല രീതിയിൽ ക്ലാസെടുത്തു.

**പാവുമ്പാ :-** യൂണിറ്റിൽ JLG ഗ്രൂപ്പുകൾ ചേതനയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. ചേതനയുടെ സഹായത്തോടുകൂടി പാള പ്ളേറ്റ് നിർമ്മിക്കുന്ന ഒരു സംരംഭം അവിടെ പ്രവർത്തിക്കുന്നു. കൂടാതെ ഏക്കറിൽ നല്ല രീതിയിൽ കൃഷി നടത്തുന്നു.

**ശൂരനാട് വടക്ക് :-** 18 ഇൻഫാം അംഗങ്ങൾ ഉണ്ട്. JLG ഗ്രൂപ്പുകൾ ഉണ്ട്. 50 സെന്റ് സ്ഥലത്ത് ഡ്രാഗൺ കൃഷി ചെയ്യുന്ന ഷീല വർഗ്ഗീസ് നല്ല കർഷകയാണ്

**ശൂരനാട് തെക്ക്** :- ശൂരനാട് തെക്ക് യൂണിറ്റിൽ ശൂരനാട് തെക്ക്, ശൂരനാട് വടക്ക് കൃഷി ഭവനുകളുടെ കീഴിൽ വരുന്ന അംഗങ്ങൾ ഉള്ളതിനാൽ അവിടെ 2 ഗ്രാമ സമിതികൾ രൂപീകരിക്കണം. പുതിയതായി 10 അംഗങ്ങൾ ചേർന്നു.

**പോരുവഴി :-** ശാസ്താംക്കോട്ട ബ്ലോക്കിൽ നല്ല കർഷകർ ഉള്ള സ്ഥലമാണ് പോരുവഴി. എന്നാൽ പന്നിയും പന്നിയെലിയും അവിടുത്തെ കർഷകരെ കൃഷി ചെയ്യുന്നതിൽ നിന്നും പിന്തിരിപ്പിച്ചിരിക്കുന്നു അതിനു പരിഹാരം കണ്ടാൽ അവർ കൃഷിയിലേക്ക് തിരിച്ചു വരാൻ തയ്യാറാണെന്ന് പ്രതിനിധികൾ അറിയിച്ചു. ശാസ്താംക്കോട്ട, ഓച്ചിറ ബ്ലോക്കുമായി ബന്ധപ്പെട്ടു കർഷകർക്ക് വേണ്ട സഹായങ്ങൾ എത്തിക്കുക. അനുഭവ ജ്ഞാനമുള്ള കർഷകരെ ഉൾപ്പെടുത്തി കാർഷിക സെമിനാർ നടത്തുക. മണ്ണ് പരിശോധന നടത്തുക. കൃഷിയ്ക്ക് ആവശ്യമായ അറിവ് നലകുക, ചിങ്ങം1-നു കർഷകരെ ആദരിക്കുക.

കറ്റാനം താലൂക്കിന്റെമീറ്റിംഗ് 17.7.2026 ൽ പഴകുളത്ത് വച്ച് നടത്തുകയുണ്ടായി. ഡയറക്ടർ ആയ ജെയിൻ അച്ചൻ അധ്യ

ക്ഷത വഹിച്ചു. ശ്രീ. രാജു എം.ജി. സ്വാഗതം ആശംസിച്ചു. താലൂക്കിന്റെ പുതിയ പ്രസിഡന്റ് ആയി ശ്രീമതി ഡെയ്സി തോമസിനെതിരഞ്ഞെടുത്തു. മാവേലിക്കര കാർഷിക ജില്ലയുടെ പ്രസിഡന്റ് ആയ ശ്രീ. സഞ്ജീവ് മാരൂർ, സംസ്ഥാന എക്സിക്യൂട്ടീവ് ആയ ശ്രീ. റെജി രാജു എന്നിവർ സംഘത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. താലൂക്കിലെ എല്ലാ ഗ്രാമസമിതികളിലെയും പ്രസിഡന്റ് സെക്രട്ടറിമാരുടെ മീറ്റിംഗ് ഓഗസ്റ്റ് മാസം കറ്റാനത്ത് വച്ച് കൂടുവാൻ തീരുമാനമായി. സെക്രട്ടറി വിനീത, ജോ.സെക്രട്ടറി മിനി ജോസ്, ട്രഷറർ ശ്രീ രാജു വി.ടി., കമ്മറ്റി അംഗം ശ്രീമതി കുഞ്ഞുമോൾ രാജു തുടങ്ങിയവർ മീറ്റിംഗിൽ പങ്കെടുത്തു.

**ഇൻഫാം മാവേലിക്കര കാർഷിക ജില്ല താലൂക്ക് യോഗം**

ഇൻഫാം മാവേലിക്കര കാർഷികജില്ലയിൽപെട്ട മാവേലിക്കര കാർഷിക താലൂക്ക് പൊതുയോഗം 30-6-2026 ഉച്ചകഴിഞ്ഞു 2:30-ന് മുട്ടം പള്ളി അങ്കണത്തിൽ വെച്ച് റവ. ഫാ തോമസ് ചെറുപുഷ്പത്തിന്റെ മഹനീയ അദ്ധ്യക്ഷതയിൽ കുടി. താലൂക്ക് സെക്രട്ടറി ശ്രീ. ജോസ് ചാക്കോലിൽ സ്വാഗതം ആശംസിച്ചു. ജില്ലാപ്രസിഡന്റ് ശ്രീ സഞ്ജീവ് മാരൂർ ഇൻഫാമിനെ കുറിച്ചു സംസാരിച്ചു. തുടർന്ന് റവ. ഫാ. ഫിലിപ്പ് ജമ്മത്തുകളത്തിൽ ആശംസകൾ അറിയിച്ചു. താലൂക്ക് പ്രസിഡന്റ് ശ്രീ സാം ചെറിയാൻ കാരികുഴി സംസാരിച്ചു. തുടർന്നുള്ളപ്രവർത്തന സന്നദ്ധത അറിയിച്ചു. ജില്ല വൈസ് പ്രസിഡന്റ് ശ്രീ. രാജു എം.ജി. ആശംസകൾ അറിയിച്ചു. ഇൻഫാം സംസ്ഥാന എക്സിക്യൂട്ടീവ് ശ്രീ റെജി രാജു ആശംസ അറിയിച്ചു. തുടർന്നുള്ള പ്രവർത്തന രീതി വിവരിച്ചു ഗ്രാമസഭ രുപികരിക്കാൻ നിർദേശംനൽകി. ഭരണസംമതിയിൽ ശ്രീമതി ബിന്ദുവിനെ കൂടെ ഉൾപ്പെടുത്തി തുടരാൻ നിർദ്ദേശം ഉണ്ടായി. ജില്ലാ സെക്രട്ടറി ശ്രീ സ്റ്റീഫൻ തോമസ് ചുരുക്കം വാചകത്തിൽ ആശംസകൾഅറിയിച്ചു കൊണ്ടു കൃതജ്ഞ അറിയിച്ചു.

# ചേതന

Chethana Integrated Development Society
Diocese of Mavelikara
Change for a Better Future

**ചേതന എഫ്. എം.**

ചേതന എഫ്. എം. 90.8 വിവിധതരം പ്രോഗ്രാമുകളിലൂടെ കടന്നുപോയ മാസമായിരുന്നു ജൂലൈ. 'മണ്ണറിവ് നല്ലറിവ്' എന്ന റേഡിയോ പ്രോഗ്രാമുമായി ബന്ധപ്പെട്ട് മുരളീധരൻ തഴക്കര സാറിനൊപ്പം സ്കൂളിലെ അഞ്ച് സെന്റ് സ്ഥലത്ത് ചെറു വനം നട്ടുപിടിപ്പിച്ചതിന് നേതൃത്വം നൽകിയ താമരക്കുളം വിജ്ഞാന വിലാസിനി ഹയർ സെക്കണ്ടറി സ്കൂളിലെ അധ്യാപകനും കർഷകനുമായ ശ്രീ. റാഫി രാമനാഥ് പങ്കെടുത്തു. സംഘമൈത്രി കാർഷിക കൂട്ടായ്മയിലെ നൂതന സാങ്കേതിക വിദ്യയെ കുറിച്ചും നൂതന കാർഷിക മേഖലയിലെ പുത്തൻ ആശയങ്ങളെ കുറിച്ചും പങ്കുവെക്കാൻ സംഘമൈത്രി കാർഷിക കൂട്ടായ്മയിലെ ആർ. ബാലചന്ദ്രൻ, കർഷകനും വീടിനു പിന്മുറ്റത്തു ഇടതൂർന്നതും സ്വകാര്യവുമായ ഒരു സൂക്ഷ്മവനം വികസിപ്പിച്ചെടുത്ത ഷാജുവും "മണ്ണറിവ്നല്ലറിവ്" എന്ന റേഡിയോ പ്രോഗ്രാമിൽ പങ്കെടുത്തു. ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി എക്സൈസ് ഡിപ്പാർട്മെന്റിൽ നിന്നും കാർത്തികപള്ളി റേഞ്ച് ഇൻസ്പെക്ടർ അരുൺ കുമാർ പ്രത്യേക പരിപാടി റേഡിയോ വഴി പ്രക്ഷേപണം നടത്തുകയും ചേതന എഫ്. എം. 90.8 ന്റെ സോഷ്യൽ മീഡിയ വഴി പങ്കുവെക്കുകയും ചെയ്തു. 'ഫേസ് ടു ഫേസ്' എന്ന റേഡിയോ പ്രോഗ്രാമിൽ അധ്യാപകനായ ജി. കൃഷ്ണകുമാർ എത്തുകയും അദ്ദേഹത്തിന്റെ ഇന്റർവ്യൂ പ്രക്ഷേപണം ചെയ്യുകയും ചെയ്തു. കർക്കിടക മാസവുമായി ബന്ധപ്പെട്ട് 'കർക്കിടകവും ആരോഗ്യവും' എന്ന പേരിൽ 31 ദിവസം നീണ്ടുനിൽക്കുന്ന പ്രോഗ്രാമിന് വേണ്ടി ഡോ.ശ്രീജിത്ത് സുരന്റെ ബൈറ്റ്സ് എടുക്കുകയും റേഡിയോ വഴിയും സോഷ്യൽ മീഡിയ വഴിയും പ്രക്ഷേപണം നടത്തുകയും ചെയ്തു. ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി കുറത്തിക്കാട് പോലീസ് സ്റ്റേഷനിലെ എസ്.

ഐ.എബി എം.എസ്. ചേതനഎഫ്. എം. 90.8 ലെത്തി അവെയർനെസ്സ് പെഷ്യൽ സ്കിറ്റ്റെക്കോർഡ് ചെയ്തു. അതിൽ ചേതന ടീം മെംബേർസ് ജീവസാന്നിധ്യമാവുകയും റേഡിയോ വഴി ജിംഗിൾസ് പ്രക്ഷേപണം നടത്തുകയും ചെയ്തു. 2026 ഫിഫ വേൾഡ് കപ്പ് നടക്കുന്നതുമായി ബന്ധപ്പെട്ട് കായംകുളം എം.എസ്.എം. കോളേജിൽ എത്തി പ്രോഗ്രാം നടത്തി. അത് സോഷ്യൽ മീഡിയയിൽ പങ്കുവെക്കുകയും ചെയ്തു. പകർച്ചവ്യാധികളെക്കുറിച്ചും അതെങ്ങനെ തടയാം എന്നതിനെക്കുറിച്ചും കെ.എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ സംക്രമിക രോഗ കൺസൾട്ടണ്ട് ഡോ. അനൂപ് ബാലൻ എത്തുകയും സ്പെഷ്യൽ ഇന്റർവ്യു പ്രക്ഷേപണം നടത്തുകയും ചെയ്തു.

ആഭ്യന്തര മന്ത്രി ശ്രീ. രമേശ് ചെന്നിത്തലയും എക്സൈസ് മന്ത്രി ശ്രീ. എം. ലിജുവും, ചെങ്ങന്നൂർ എം.ൽ.എ. ശ്രീ. സജി ചെറിയാനും പങ്കെടുത്ത പുതിയതായി പ്രവർത്തനം ആരംഭിച്ച മുതുകുളം ഗാന്ധിഭവന്റെ ഉത്ഘാടനത്തിന് ചേതന എഫ്.എം. സജീവ സാന്നിധ്യമായിരുന്നു. എസ് ജാനകിയമ്മയുടെ വിയോഗത്തോടനുബന്ധിച്ച് ചേതന എഫ്.എം. 90.8ലെ ‘എറ്റേർണൽ മേലഡീസ്’ എന്ന പ്രോഗ്രാമിൽ ജാനകിയമ്മയുടെ പാട്ടുകൾ ഉൾപ്പെടുത്തി സ്പെഷ്യൽ പ്രോഗ്രാം പ്രക്ഷേപണം നടത്തി. ‘പിങ്ക് ഡയറീസ്’ എന്ന റേഡിയോ പ്രോഗ്രാമിൽ മുൻ അധ്യാപികയും സാരീഡ്രാപിസ്റ്റുമായിട്ടുള്ള ശ്രീകല രമേശ് എത്തുകയും ഇന്റർവ്യൂ റേഡിയോ വഴി പ്രക്ഷേപണം നടത്തുകയും ചെയ്തു. സെന്റ് മേരീസ് സ്കൂളിലെ വിദ്യാർത്ഥികൾ, അധ്യാപകർ, എന്നിവർ റേഡിയോ സന്ദർശിക്കുകയും പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

## കുടുംബപ്രേക്ഷിത കാര്യാലയം

**വിവാഹ ഒരുക്ക സെമിനാർ**

ആഗസ്റ്റ് 21, 22 വെള്ളി, ശനി ദിവസങ്ങളിൽ വിവാഹ ഒരുക്ക സെമിനാർ  പഴകുളംപാസിൽ വച്ച് നടത്തപ്പെടുന്നു.

# ബൈബിൾ അപ്പോസ്തോലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ അവസാനിച്ചിരിക്കുന്നു. മാതൃക ചോദ്യങ്ങൾ വാട്സ് ആപ്പ് ഗ്രൂപ്പിലൂടെ നൽകപ്പെട്ടിട്ടുണ്ട്. അത് പ്രയോജനപ്പെടുത്തി ഇതിനായി ഒരുങ്ങുക.

കൂടുതൽ വിവരങ്ങൾക്ക് - 9633668243

**കെ.സി.ബി.സി.**

കെ.സി.ബി.സി.യുടെ മേൽനോട്ടത്തിൽ കെ.സി.ബി.എസ്. നേതൃത്വം നൽകുന്ന 26-ാം ലോഗോസ് ക്വിസിനെ കുറിച്ച് അറിയേണ്ടവ:

1. ഉപയോഗിക്കേണ്ട ബൈബിൾ - പി.ഒ.സി. N.R.S.V. എഡിഷൻ.
2. പഠനഭാഗം- റൂത്ത് - 1-4 സഭാപ്രസംഗകൻ - 1-6
   1 സാമുവൽ - 1-7 വി. യോഹന്നാൻ - 1-12
   ഗലാത്തിയ - 1-6
3. മലയാളത്തിലും, ഇംഗ്ലീഷിലും, തമിഴിലും, കന്നഡയിലും മത്സര പരീക്ഷകൾ.
4. പ്രായത്തിനനുസരിച്ചു വിഭാഗങ്ങൾ തിരിച്ചുള്ള ചോദ്യപേപ്പറുകൾ.

A വിഭാഗം - 1-01-2015 നും അതിന് ശേഷവും ജനിച്ചവർ.
B വിഭാഗം - 1 - 01 - 2010 നും 31-12-2014 നും ഇടയ്ക്ക് ജനിച്ചവർ.
C. വിഭാഗം - 1 - 01 - 1995 നും 31-12-2009നും ഇടയ്ക്ക് ജനിച്ചവർ.
D. വിഭാഗം - 1 - 01 - 1975നും 31 - 12 - 1994നും ഇടയ്ക്ക് ജനിച്ചവർ.
E. വിഭാഗം - 1 - 01 - 1962നും 31 - 12 - 1974നും ഇടയ്ക്ക് ജനിച്ചവർ.
F. വിഭാഗം - 31 - 12 - 1961നും അതിന് മുമ്പും ജനിച്ചവർ.

5. ലോഗോസ് പ്രതിഭയ്ക്കു 1 ലക്ഷം രൂപയ്ക്കു മുകളിൽ സമ്മാനത്തുക. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന രൂപതകൾക്കും, ഇടവകകൾക്കും പ്രത്യേക സമ്മാനങ്ങൾ.
6. പരീക്ഷ തീയതി - രൂപതതലം - 27 സെപ്റ്റംബർ 2026 (ഉച്ചക്ക് 2 മണി മുതൽ 3:30 വരെ)
   - സംസ്ഥാനതലം - 8 നവംബർ 2026
   - മെഗാഫൈനൽ - 21,22 നവംബർ 2026
7. രജിസ്ട്രേഷൻ ഫീസ് - 20 രൂപ

# സ്മരണീയ ദിനങ്ങൾ

## ഓഗസ്റ്റ്

01 – പതിനഞ്ചുനോമ്പാരംഭം
മൊർത്ത് ശ്മൂനിയും ഏഴുമക്കളും ഗുരു ഏലിയാസറും
വി. അൽഫോൺസ് ലിഗോരി

2 – മലങ്കര സുറിയാനി കാത്തോലിക്കാ സൺഡേ സ്കൂൾ ദിനം

03 – മലങ്കര സുറിയാനി കത്തോലിക്കാ സണ്ടേസ്കൂൾ ദിനം

04 – വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനി

05 – പാറശ്ശാല ഭദ്രാസന സ്ഥാപന ദിനം

06 – നമ്മുടെ കർത്താവിന്റെ തേജസ്ക്കരണം

08 – വി. ഡൊമിനിക്

09 – മാർ മത്തിയാസ് ശ്ലീഹ

10 – വി. ലോറൻസ്

11 – മിക്കാ നിബിയ, വി. ക്ലാര

12 – വി. സൂസന്ന

13 – മാർ ഹിപ്പോളിറ്റസ്
വി. ജോൺ ബെർക്കുമാൻസ്

14 – വി. മാക്സിമിലൻ കോൾബെ

15 – ശൂനോയോ പെരുനാൾ
(വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം),
പതിനഞ്ചുനോമ്പ് വീടൽ,
മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ
ബാവായുടെ മെത്രാഭിഷേക വാർഷികം,
ബഥനി ആശ്രമ സ്ഥാപനം,
ഭാരത സ്വാതന്ത്ര്യ ദിനം

16 - സാമൂഹ്യനീതി ഞായർ

20 - വി. ബർണാർദ്

21 - വി. പത്താം പീയൂസ് പാപ്പ

22 - ഹനനിയ, അസ്സറിയാ, മ്ശായേൽ

23 - അന്ത്യോക്യായിലെ മാർ ഒസ്താത്തിയോസ്,
മേരീമക്കൾ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകൻ മോൺ. ജോസഫ് കുഴിഞ്ഞാലിൽ അച്ചൻ ഓർമ്മ

25 - മാർ തീത്തോസ്

26 - അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിന്റെ ഓർമ്മ

27 - വി. മോനിക്ക

28 - വി. അഗസ്റ്റിൻ

29 - യോഹന്നാൻ മാംദാനയുടെ ശിരച്ഛേദം,
വി. ഏവുപ്രാസ്യ

30 - അരിമത്യായിലെ യൗസേപ്പും നിക്കോദിമോസും
മലങ്കര കാത്തലിക് മദർസ് ഫോറം (എം.സി.എം.എഫ്. ദിനം)

# കെ. എൽ. എം.

**കേരള ലേബർ മൂവ്മെന്റ് സാമൂഹ്യ സുരക്ഷ പെൻഷൻ മസ്റ്ററിംഗ്**

2025 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ 17/ 7/2026 മുതൽ 30/9/2026 വരെയുള്ള കാലയളവിൽ വാർഷിക മസ്റ്റർ അക്ഷയ കേന്ദ്രങ്ങളിൽ നടത്തി പൂർത്തിയാക്കേണ്ടതാകുന്നു.

# *Let us Remember, Congratulate and Pray..*

**AUGUST**

**BIRTH DAY**

| | |
|---|---|
| Fr. Joshua Thekkedath | August 08 |
| Fr. Benedict Kurian Perumuttathu | August 08 |
| Fr. Jain John Thenguvilayil | August 11 |
| Fr. John S Puthenvilayil | August 16 |
| Fr. Varghese Mukulumpurath | August 19 |
| Fr. Francis Plavarakunnil | August 23 |
| Fr. Siji Mathew Thadathil | August 24 |
| Fr. Geevarghese Charuvilayil | August 29 |
| Fr. Christy Charuvila | August 31 |

**FEAST DAY**

| | |
|---|---|
| Fr. John Alex Puthenveedu | August 04 |
| Fr. John Maruthoor | August 04 |
| Fr. Jain John Thenguvilayil | August 04 |
| Fr. Augustine Vazhavila | August 28 |

**DEATH ANNIVERSARY**

| | |
|---|---|
| Fr. Mathew Chengallur | 24 August 2013 |
| Fr. Jacob Vilayil | 29 August 2010 |

**FEAST DAY**

| | |
|---|---|
| Fr. Antony Kuttikkatt | June 13 |

# Programme Diary of His Excellency Mathews Mar Polycarpos

## AUGUST

| | | |
|---|---|---|
| 03 - 08 | KCBC | |
| 09 | Eramathoor/ Pastoral Visit | |
| 11 | Amalagiri/ Ongoing Formation Clergy, Kallumala/ Vianney Day Celebrations | |
| 13 | Trivandrum/ Cor-Episcopo Installation | |
| 17 | Chennithala/ Marriage | 11:30 a.m. |
| 22 | Trivandrum/ Jubilee Celebration | 08:30 a.m. |
| 23 | Puthoor/ House Warming | 11:30 a.m. |
| 24 | Punnammoodu/ Marriage | 04:00 p.m. |
| 27 | Kottayam/ Marriage | 05:00 p.m. |
| 30 | Vallikunnam/ Pastoral Visit | 08:00 a.m. |
| | **SEPTEMBER** | |
| 01 | Karyavattom/ Holy Qurbono | 4:30 p.m. |
| 04 | Vilanthara | 5:00 p.m. |
| 05 | Cheppadu | 2:45 p.m. |
| 06 | Karimulackal/ Holy Qurbono | 4:00 p.m. |
| 08 | Harippadu<br>Vettiyar | 8:00 a.m.<br>5:30 p.m. |
| 09-10 | Munnar/ Bishop's Meet | |
| 13 | Kadappakkada/Pastoral Visit | |
| 16 -19 | Chennai/Reunion | |
| 26 | Pazhakulam | 11:00 a.m. |
| 27 | Nedumpram/ Perunnal | 7:30 a.m. |

# Programme Diary of His Excellency Joshua Mar Ignathios

## AUGUST

| Date | Venue / Function | Time |
|---|---|---|
| 02 | Kottara<br>Kurathikadu/ Santhwanam<br>Annual Meet | 10.00 AM<br><br>02.30 PM |
| 03 | KCBC | 10.00 AM |
| 04 | St. John Maria Vianney Clergy<br>Home/ Kallumala<br>Kollam CSI Bishop's House,<br>UCPI Meet | <br>06.30 AM<br><br>10.00 AM |
| 05 | Pathanapuram | 06.30 AM |
| 07 | Aroor | 12.00 Noon |
| 08 | Poovarani<br>Iravipuram/ Shanthitheeram | 11.00 AM<br>05.00 PM |
| 11 | Trivandrum<br>St. John Maria Vianney Clergy<br>Home/ Kallumala | 10.00 AM<br><br>07.30 PM |
| 13 | Pattom Cathedral | 09.00 AM |
| 14 | Kozhikodu | 08.00 AM |
| 15 | Pathanamthitta Cathedral | 11.00 AM |
| 16 | Charottukonam<br>Nalanchira | 06.30 AM<br>10.00 AM |

| Date | Venue / Function | Time |
|---|---|---|
| 17 | Pazhakulam<br>Ampalathumkala | 11.00 AM<br>04.00 PM |
| 18 | Kottayam/ UCPI Meet | 10.00 AM |
| 20 | Karichal | 11.00 AM |
| 21 | Peringanadu | 10. 30 AM |
| 22 | Pattom Cathedral | 08. 00 AM |
| 23 | Kurumpanadam<br>Anchal | 12. 00 Noon<br>03.00 PM |
| 24 | Manjakkala<br>Karthikapally | 11.00 AM<br>04.00 PM |
| 25 | Eezhakkadav | 12.00 Noon |
| 27 | Konnithazham | 10.00 AM |
| 29 | Kottarakkara<br>Karimulackal<br>Puthenpeedika | 06.30 AM<br>09.00 AM<br>04.30 PM |

## മാർപാപ്പായുടെ പ്രാർത്ഥന നിയോഗം

**ഓഗസ്റ്റ്**



നഗരങ്ങളിലെ സുവിശേഷവൽക്കരണത്തിനായിആൾക്കൂട്ടത്തിനിടയിലുംഅജ്ഞാതത്വവും ഏകാന്തതയും നിഴലിക്കുന്ന വലിയ നഗരങ്ങളിൽ, സുവിശേഷം പ്രഘോഷിക്കുന്നതിനും കൂട്ടായ്മ കെട്ടിപ്പടുക്കുന്നതിനുമുള്ള നൂതനവും സർഗ്ഗാത്മകവുമായവഴികൾ കണ്ടെത്താൻ നമുക്ക് പ്രാർത്ഥിക്കാം.